# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/എ.എൽ.പി-പി11/832/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 28/09/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/എ.എൽ.പി-പി11/832/2021 തീയ്യതി: 28/09/2021

## ആലപ്പുഴ ജില്ലയിലെ കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 28-02-2021 മുതൽ 03-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 16-09-2021 | 24-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-09-2021 | 24-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ജ്യോതിമോൻ.സി.സി, ഓഡിറ്റ് ഓഫീസർ
ശ്രീമതി. ശ്രീദേവി.പി,ഓഡിറ്റ് ഓഫീസർ
ശ്രീമതി.എ.ഡി.ബീന,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജാക്വിലിൻ.പി.ഡബ്ല്യൂ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ലേഖ.പി.കെ,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.പത്മിനി പങ്കജാക്ഷൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ.ജയിംസ് ചിങ്കുതറ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. വി.ബാബു | സെക്രട്ടറി | 01-04-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സിന്ധു.എം | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. റാണി ഭരതൻ | വെറ്ററിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി. ആഷ.എം | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ശ്രീമതി. റെജീന. ടി | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ശ്രീമതി. അഞ്ജലിദേവി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 01-11-2020 |
| ശ്രീമതി. സിബി സോമൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 02-11-2020 | 31-03-2021 |
| ശ്രീമതി.അപർണ്ണ കെ.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 11-11-2020 |
| ശ്രീമതി. മോനിഷ..എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12-11-2020 | 31-03-2021 |
| ശ്രീമതി. ശ്രീലത.കെ | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീ. സുരേശൻ.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി. സലില | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 30-06-2020 |
| ശ്രീമതി. രശ്മി മാനുവൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-07-2020 | 31-03-2021 |
| ശ്രീമതി. | വില്ലേജ് | 01-04-2020 | 05-01-2021 |

| | | | |
|---|---|---|---|
| അമ്പിളി.എസ് | എക്സ്റ്റെൻഷൻ ഓഫീസർ, തങ്കി | | |
| ശ്രീമതി. സവിത.സി.എം | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, തങ്കി | 06-01-2021 | 31-03-2021 |
| ശ്രീ. സന്ദീപ്.എസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, കടക്കരപ്പള്ളി | 01-04-2020 | 10-01-2021 |
| ശ്രീമതി. പ്രസീദ കെ.എസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, കടക്കരപ്പള്ളി | 11-01-2021 | 31-03-2021 |

12.11.2020 **മുതൽ** 29.12.2020 വരെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: C.C Jyothimon (Audit Officer, On 21-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 25-09-2021) | 1-1 |
| 2 | ജന്റർ ബജറ്റ്<br>Written By: C.C Jyothimon (Audit Officer, On 25-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 25-09-2021) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: P. Sreedevi (Audit Officer, On 21-09-2021)<br>Last Updated By: P. Sreedevi (Audit Officer, On 21-09-2021) | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം<br>Written By: P. Sreedevi (Audit Officer, On 21-09-2021)<br>Last Updated By: P. Sreedevi (Audit Officer, On 21-09-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: C.C Jyothimon (Audit Officer, On 21-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 25-09-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: C.C Jyothimon (Audit Officer, On 21-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 21-09-2021) | 1-5 |
| 7 | സാമ്പത്തിക വിശകലനം<br>Written By: C.C Jyothimon (Audit Officer, On 21-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 26-09-2021) | 1-6 |
| 8 | തൊഴിലുറപ്പുപദ്ധതി<br>Written By: Jaquiline P.W (Senior Grade Auditor, On 21-09-2021)<br>Last Updated By: Jaquiline P.W (Senior Grade Auditor, On 21-09-2021) | 1-7 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Lekha (Auditor, On 22-09-2021)<br>Last Updated By: Lekha (Auditor, On 22-09-2021) | 1-8 |
| 10 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Lekha (Auditor, On 22-09-2021)<br>Last Updated By: Lekha (Auditor, On 22-09-2021) | 1-9 |
| 11 | ആഭ്യന്തരനിയന്ത്രണം.<br>Written By: C.C Jyothimon (Audit Officer, On 25-09-2021)<br>Last Updated By: A.D.Beena (Asst. Audit Officer, On 26-09-2021) | 1-10 |
| 12 | രസീത് പരിശോധനയിലെ അപാകതകൾ<br>Written By: Lekha (Auditor, On 25-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 25-09-2021) | 1-11 |
| 13 | കേരള വാട്ടർ അതോറിറ്റി കെട്ടിടങ്ങളുടെ വസ്തു നികുതി-കുടിശ്ശിക<br>Written By: Lekha (Auditor, On 24-09-2021)<br>Last Updated By: Lekha (Auditor, On 25-09-2021) | 1-12 |
| 14 | കടമുറികളുടെ വാടക കുടിശ്ശിക ഈടാക്കിയില്ല<br>Written By: Lekha (Auditor, On 25-09-2021)<br>Last Updated By: A.D.Beena (Asst. Audit Officer, On 26-09-2021) | 1-13 |
| 15 | കുത്തകപ്പാട്ടതുക ലഭിക്കുന്നില്ല<br>Written By: Lekha (Auditor, On 25-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 25-09-2021) | 1-14 |
| 16 | തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല<br>Written By: Lekha (Auditor, On 25-09-2021)<br>Last Updated By: A.D.Beena (Asst. Audit Officer, On 26-09-2021) | 1-15 |
| 17 | നിശ്ചിത സമയ പരിധിയിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് ഫൈൻ ഈടാക്കിയിട്ടില്ല. | 1-16 |

| | | |
|---|---|---|
| | Written By: C.C Jyothimon (Audit Officer, On 25-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 25-09-2021) | |
| 18 | കോവിഡ് പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: P. Sreedevi (Audit Officer, On 25-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 26-09-2021) | 1-17 |
| 19 | ജലജീവൻ പദ്ധതി<br>Written By: P. Sreedevi (Audit Officer, On 24-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 26-09-2021) | 1-18 |
| 20 | തൊഴിലുറപ്പു പദ്ധതി- സാധനസാമഗ്രികൾ വിതരണം ചെയ്യുന്ന കരാറുകാരിൽ നിന്നും നിയമാനുസൃതമായ നികുതി ഈടാക്കുന്നില്ല<br>Written By: Jaquiline P.W (Senior Grade Auditor, On 26-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 26-09-2021) | 1-19 |
| 21 | മറ്റത്തിൽ പൊഴിച്ചാൽ റോഡ് മെറ്റലിംഗ് ടാറിംഗ്<br>Written By: C.C Jyothimon (Audit Officer, On 25-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 26-09-2021) | 1-20 |
| 22 | ലൈഫ് മിഷൻ-ഭവനനിർമ്മാണ പദ്ധതി(പട്ടികജാതി)- അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 25-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 25-09-2021) | 1-21 |
| 23 | ബോൺമീൽ - അധികം ചെലവഴിച്ച തുക തിരികെ ഈടാക്കേണ്ടതാണ്<br>Written By: A.D.Beena (Asst. Audit Officer, On 25-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 25-09-2021) | 1-22 |
| 24 | ഇ-ടെണ്ടർ ഫീസ്<br>Written By: C.C Jyothimon (Audit Officer, On 25-09-2021)<br>Last Updated By: A.D.Beena (Asst. Audit Officer, On 25-09-2021) | 1-23 |
| 25 | ഫലവൃക്ഷതൈ വിതരണം - വകയിരുത്തിയതിൽ അധികം തുകയ്ക്ക് തൈകൾ വാങ്ങി<br>Written By: A.D.Beena (Asst. Audit Officer, On 25-09-2021)<br>Last Updated By: A.D.Beena (Asst. Audit Officer, On 26-09-2021) | 1-24 |
| 26 | ക്ഷേമ പെൻഷൻ വിതരണത്തിലെ അപാകതകൾ<br>Written By: Lekha (Auditor, On 24-09-2021)<br>Last Updated By: Elsamma (Audit Officer, On 28-09-2021) | 1-25 |
| 27 | വനിതാ ഗ്രൂപ്പുകൾക്ക് കിഴങ്ങ് വർഗ കൃഷി - അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 25-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 25-09-2021) | 1-26 |
| 28 | ഗ്രാമ പഞ്ചായത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം<br>Written By: P. Sreedevi (Audit Officer, On 25-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 26-09-2021) | 1-27 |
| 29 | തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി<br>Written By: P. Sreedevi (Audit Officer, On 25-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 25-09-2021) | 1-28 |
| 30 | ആസ്തിസംരക്ഷണം<br>Written By: P. Sreedevi (Audit Officer, On 25-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 25-09-2021) | 1-29 |
| 31 | അനിവാര്യ ചുമതലകൾ.<br>Written By: P. Sreedevi (Audit Officer, On 25-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 25-09-2021) | 1-30 |
| 32 | മത്സ്യതൊഴിലാളികളുട മക്കൾക്ക് ലാപ്ടോപ്പ് പദ്ധതി -അപാകതകൾ<br>Written By: Jaquiline P.W (Senior Grade Auditor, On 25-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 26-09-2021) | 1-31 |
| 33 | പാലിയേറ്റീവ് കെയർ പദ്ധതി - മരുന്നുകൾ ലഭ്യമായിട്ടില്ല<br>Written By: Jaquiline P.W (Senior Grade Auditor, On 25-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 27-09-2021) | 1-32 |

| | | |
|---|---|---|
| 34 | കന്നുകുട്ടി പരിപാലനം (ജനറൽ)-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Jaquiline P.W (Senior Grade Auditor, On 25-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 25-09-2021) | 1-33 |
| 35 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - 80mm Thick Cc Paver Block പാകുന്നതിനായി അധിക നിരക്ക് നൽകിവരുന്നു<br>Written By: Jaquiline P.W (Senior Grade Auditor, On 25-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 25-09-2021) | 1-34 |
| 36 | മരുന്നുകൾ ലഭ്യമായിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു<br>Written By: Jaquiline P.W (Senior Grade Auditor, On 25-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 25-09-2021) | 1-35 |
| 37 | പനച്ചിക്കൽ ഇത്താപറമ്പ് റോഡ് മെറ്റലിംഗ് ടാറിംഗ്<br>Written By: C.C Jyothimon (Audit Officer, On 25-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 25-09-2021) | 1-36 |
| 38 | അംഗനവാടികൾക്ക് പാത്രങ്ങളും ഉപകരണങ്ങളും വാങ്ങൽ - അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 25-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 25-09-2021) | 1-37 |
| 39 | കാലിവീപ്പയുടെ വിലയും ജി.എസ്.ടി.യും തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.<br>Written By: C.C Jyothimon (Audit Officer, On 25-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 25-09-2021) | 1-38 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ബോൺമീൽ - അധികം ചെലവഴിച്ച തുക തിരികെ ഈടാക്കേണ്ടതാണ്<br>Written By: C.C Jyothimon (Audit Officer, On 25-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 25-09-2021) | 3-1 |
| 2 | വനിതാ ഗ്രൂപ്പുകൾക്ക് കിഴങ്ങ് വർഗ കൃഷി - അപാകതകൾ<br>Written By: C.C Jyothimon (Audit Officer, On 25-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 25-09-2021) | 3-2 |
| 3 | അംഗനവാടികൾക്ക് പാത്രങ്ങളും ഉപകരണങ്ങളും വാങ്ങൽ - അപാകതകൾ<br>Written By: C.C Jyothimon (Audit Officer, On 25-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 25-09-2021) | 3-3 |
| **ഭാഗം 4** | | |
| 1 | വാർഷിക കണക്കു പരിശോധനയിൽ കാണപ്പെട്ട വിഷയങ്ങൾ.<br>Written By: C.C Jyothimon (Audit Officer, On 25-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 25-09-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.C Jyothimon (Audit Officer, On 22-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 22-09-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.C Jyothimon (Audit Officer, On 22-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 25-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: C.C Jyothimon (Audit Officer, On 22-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 22-09-2021) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: C.C Jyothimon (Audit Officer, On 22-09-2021) | 4-5 |

| | | |
|---|---|---|
| | Last Updated By: C.C Jyothimon (Audit Officer, On 22-09-2021) | |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: C.C Jyothimon (Audit Officer, On 25-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 25-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: C.C Jyothimon (Audit Officer, On 25-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 25-09-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: C.C Jyothimon (Audit Officer, On 25-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 25-09-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.C Jyothimon (Audit Officer, On 26-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 26-09-2021) | 4-9 |
| 10 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: C.C Jyothimon (Audit Officer, On 25-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 25-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: C.C Jyothimon (Audit Officer, On 25-09-2021)<br>Last Updated By: C.C Jyothimon (Audit Officer, On 25-09-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 10.3.2020 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 164319614 | 163344751 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെണ്ടീച്ചർ പത്രിക) | 152014472 | 157832410 |

### 1-1-1 ജന്റർ ബജറ്റ്

1. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.12.2016 ലെ ജി.ഒ.(ആർ.ടി) 3291/2016 നമ്പരായി പ്രസിദ്ധീകരിച്ച ഗ്രാമ പഞ്ചായത്തുകളുടെ ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4,3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.
2.ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയിട്ടില്ല. കൂടാതെ വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 31.05.2021 ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. വാർഷികകണക്ക് പരിശോധനയിൽ കണ്ട അപാകതകൾ ഭാഗം 4-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം

2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപത്രം അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് (എ.സി. ആർ പ്രകാരം) | ഉറവിടത്തിൽ കുറവ് ചെയ്തത് | ആകെ | ചെലവ് (എ.സി. ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 15992639 | 3333729 | 19326368 | 18533527 | 792841 (ലാപ്സ്ഡ്) |
| വികസന ഫണ്ട് (എസ്.സി. പി.) | 0 | 1658118 | 43882 | 1702000 | 927759 | 774241 (ലാപ്സ്ഡ്) |
| വികസന ഫണ്ട് (റ്റി.എസ്. പി) | 0 | 105000 | 00 | 105000 | 00 | 105000 (ലാപ്സ്ഡ്) |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | 0 | 6460000 | 00 | 6460000 | 6344040 | 115960 (ലാപ്സ്ഡ്) |
| സംരക്ഷണ ഗ്രാൻറ് (റോഡി തരം) | 0 | 4842520 | 49480 | 4892000 | 4857548 | 34452 (ലാപ്സ്ഡ്) |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 10822857 | 00 | 10822857 | 6622778 | 4200079 (ലാപ്സ്ഡ്) |
| 13-ാം | 0 | 5240000 | 00 | 5240000 | 2198875 | 3041125 |

| |
|---|
| ധനകാര്യ കമ്മീഷൻ അവാർഡ് (TIED) |

## 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 2020-21 | 161 | 120186110 | 127 | 46872814 | 00 | 34 | 78.88 |

## 1-6 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8108628 |
| വരവ് | 60370303 |
| ആകെ | 68478931 |
| ചെലവ് | 57629012 |
| നീക്കിയിരിപ്പ് | 10849919 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 51809 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 953138 |

## 1-7 തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 00 | 2052864 | 2052864 | 2049442 | 3422 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 00 | 63754558 | 63754558 | 63754558 | 00 |
| ആകെ | 00 | 65807422 | 65807422 | 65804000 | 3422 |

## 1-8 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതി യുടെ പേര് | 2020-21 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 151560 | 214 |
| കർഷകതൊഴിലാളി പെൻഷൻ | 3164800 | 216 |
| വിധവാപെൻ ഷൻ | 5667300 | 440 |
| വാർദ്ധക്യകാല പെൻഷൻ | 19887600 | 1912 |
| വികലാംഗപെൻഷൻ | 4376800 | 298 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിത കൾക്കുള്ള ധനസഹായം | 969800 | 71 |
| വിധവകളുടെ പെൾമക്കളുടെ വിവാഹ ധനസഹായം | 150000 | 5 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.9.2021ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4288 /- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത

ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1.തപാലുകളുടെ തീർപ്പാക്കൽ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പ്രസ്തുത രജിസ്റ്റർ സൂചികയിൽ നിന്നും ലഭിക്കുമെങ്കിലും നാളിതുവരെ പ്രിന്റൗട്ട് എടുത്ത് ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

3.ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ഇപ്പോഴും പഞ്ചായത്തിന്റെ കൈവശമില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-11 രസീത് പരിശോധനയിലെ അപാകതകൾ

1) ഗ്രാമപഞ്ചായത്തിലേക്ക് വാങ്ങുന്ന സാംഖ്യ രസീതുകൾ പ്രിന്റ്ചെയ്യുന്നതിനുള്ള സ്റ്റേഷനറികൾ അതത് ദിവസം തന്നെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നുണ്ടെങ്കിലും രസീതുകൾ ഫ്രണ്ടോഫീസിലേക്ക് നൽകുന്നതിന്റെ വിതരണ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.വിതരണ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

2) കൃഷി ഓഫീസർ ഗുണഭോക്തൃവിഹിതം ഈടാക്കുന്നതിനായി ഉപയോഗിക്കുന്ന രസീത് ബുക്കുകളോടൊപ്പം ഹാജരാക്കിയ കളക്ഷൻ രജിസ്റ്ററിൽ രസീത് എഴുതി നൽകുന്ന ക്രമത്തിൽ (കാലാനുഗതമായി തന്നെ) രേഖപ്പെടുത്തൽ വരുത്തുന്നില്ല. ഇതിനു പകരമായി വിവിധ പ്രോജക്റ്റുകൾ പ്രകാരം ഈടാക്കുന്ന തുകയുടെ രസീത് നമ്പറുകൾ എല്ലാം ഒരുമിച്ച് എടുത്തെഴുതി തുക പഞ്ചായത്തിൽ അടയ്ക്കുന്ന രീതിയാണ് അനുവർത്തിക്കുന്നത് . ഇത് ക്രമ വിരുദ്ധമാണ്. രസീതു ബുക്കിൽ നിന്നും നമ്പറുകൾ തിരഞ്ഞെടുത്ത് കളക്ഷൻ രജിസ്റ്ററിലേക്ക് എഴുതുമ്പോൾ രസീതുകൾ ഒഴിവാക്കപ്പെടാൻ സാധ്യതയുണ്ട് .ആയതിനാൽ രസീതുകൾ ക്രമ പ്രകാരം തന്നെ രജിസ്റ്ററിൽ എഴുതുകയും അതത് ദിവസത്തെ കളക്ഷനുകൾ തൊട്ടടുത്ത ദിവസം തന്നെ ഒടുക്ക് വരുത്തേണ്ടതുമാണ്. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (22/24.9.21) നൽകിയതിന് വിശദീകരണം ലഭ്യമാക്കിയില്ല.

## 1-12 കേരള വാട്ടർ അതോറിറ്റി കെട്ടിടങ്ങളുടെ വസ്തു നികുതി- കുടിശ്ശിക

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലായി കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ നികുതി വർഷങ്ങളായി കുടിശികയായി നിലനിൽക്കുന്നു. സ.ഉ.(സാധാ)നം183/2021 തസ്വഭവ തീയതി 22.1.21 പ്രകാരം പിഴപ്പലിശ ഒഴിവാക്കി കൊണ്ടുള്ള ഡിമാന്റ് നോട്ടീസ് 27.1.21 തീയതിയിൽ വാട്ടർ അതോറിറ്റിക്ക് നല്കിയിട്ടുണ്ടെങ്കിലും നാളിതുവരെ തുക അടച്ചിട്ടില്ല.

| ക്രമ നം | വാർഡ് / കെട്ടിടനമ്പർ | കാലയളവ് | നികുതി |
|---|---|---|---|
| 1 | 6/605 | 2009-10മുതൽ 2020-21വരെ | 2412 |
| 2 | 7/122 | 2013-14മുതൽ 2020-21വരെ | 10560 |
| 3 | 10/123 | 2013-14മുതൽ 2020-21വരെ | 5679 |
| 4 | 11/513 | 2013-14മുതൽ 2020-21വരെ | 864 |
| 5 | 12/37 | 2013-14മുതൽ 2020-21വരെ | 7920 |
| ആകെ | | | 27435 |

തുക ഈടാക്കുന്നതിനായി നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം(32/24.9.21) നൽകിയതിന് മറുപടിയായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഉചിതമായ നിയമനടപടികളിലൂടെ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 കടമുറികളുടെ വാടക കുടിശ്ശിക ഈടാക്കിയില്ല

പഞ്ചായത്തിലെ വാടക സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ 2020-21 വർഷത്തെ

വാടകയിനത്തിൽ ചുവടെ ചേർത്തിരിക്കുന്ന കടമുറികളുടെ വാടകയിൽ കുടിശ്ശിക നിലനിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ/വാടകക്കാരന്റെ പേര് | കുടിശ്ശിക |
|---|---|---|
| 1 | XI/440,രമണി, പ്ളാം വീട്ടിൽ | 2200/- |
| 2 | 6/230, സിന്ധു, അഴീക്കൽ | 19584/- |
| ആകെ | | 21784/- |

കുടിശ്ശിക ഓഡിറ്റ് തീയതിവരെയും ലഭിച്ചിട്ടില്ല. ഇതേ വ്യക്തികൾക്ക് തന്നെ 2021-22 വർഷത്തേയ്ക്ക് കടമുറികൾ വാടയ്ക്ക് നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (12/22.9.21) നൽകിയതിന് ലഭ്യമാക്കിയ മറുപടി പ്രകാരം, തുക അടയ്ക്കാൻ 3 പ്രാവശ്യം നോട്ടീസ് നൽകുക മാത്രമാണ് ചെയ്തിരിക്കുന്നത്. കോവിഡിന്റെ പശ്ചാത്തലത്തിൽ വീണ്ടും വാടകയ്ക്ക് നൽകിയിട്ടുള്ള സാഹചര്യത്തിൽ തുക ഈടാക്കുന്നതിന് ഊർജ്ജിത ശ്രമം ഉണ്ടാകേണ്ടതാണ്.

## 1-14 കുത്തകപ്പാട്ടതുക ലഭിക്കുന്നില്ല

പഞ്ചായത്തിലെ കുത്തകപ്പാട്ടം സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ മുൻവർഷങ്ങളിലേതുൾപ്പെടെ ആകെ 15296/- രൂപ പഞ്ചായത്തിന് കുടിശ്ശികയിനത്തിൽ ലഭിക്കാനുണ്ട്.

| അരിയർ ഡിമാന്റ് | കളക്ഷൻ | ബാലൻസ് | തൻവർഷ ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|---|
| 13183 | 350 | 12833 | 2858 | 395 | 2463 |

56 വ്യക്തികൾക്ക് പഞ്ചായത്തിന്റെ സ്ഥലം കുത്തകപ്പാട്ടത്തിന് തുശ്ചമായ തുകയ്ക്ക് നൽകിയിരിക്കുന്നതിൽ 5 വ്യക്തികൾ മാത്രമാണ് കൃത്യമായി തുക അടച്ചിരിക്കുന്നത്. കാലാനുസൃതമായി കുത്തകപ്പാട്ടം പുതുക്കാറില്ല. രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള സർവ്വേ നമ്പരിൽ ഉൾപ്പെട്ട സ്ഥലങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി( 13/22.9.21) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക തുക അടിയന്തിരമായി ഈടാക്കേണ്ടതും ഭൂമിയുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതുമാണ്. കുത്തകപ്പാട്ടം കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

1994 ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204,205,1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/ വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

1) പഞ്ചായത്തിലെ 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ മാവേലി സ്റ്റോർ ഒന്നാം അർദ്ധവർഷത്തെ സ്ഥാപന നികുതി അടച്ചിട്ടില്ല.

2) ഗ്രാമ പഞ്ചായത്തിലെ വിവിധതരം പ്രവൃത്തികൾ കരാർ പ്രകാരം ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. നിരവധി കരാറുകാർ ഈ പഞ്ചായത്തിലെ വിവിധ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയതായി ടെൻഡർ രജിസ്റ്റർ പരിശോധനയിൽ കാണുന്നുണ്ടെങ്കിലും ഇവരിൽ നിന്നും വാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

3) കൂടാതെ തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (11/22.9.21) നല്കിയതിന്റെ മറുപടി പ്രകാരം മേൽ സൂചിപ്പിച്ചവരിൽ നിന്നും വരും വർഷങ്ങളിൽ നികുതി ഈടാക്കുന്നതാണെന്നാണ് അറിയിച്ചത്.തൊഴിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 1-16 നിശ്ചിത സമയ പരിധിയിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് ഫൈൻ ഈടാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ - S0136/21, അംഗനവാടി മെയിന്റനൻസ്

അടങ്കൽ- 150000/- മെയിന്റനൻസ് ഗ്രാന്റ് റോഡിതരം

കരാറുകാരൻ - രാജേഷ്, അളവ് പുസ്തകം 218/19-20

എഗ്രീഡ് പി.എ.സി- 149845/-

7.3.2019ൽ എഗ്രിമെന്റ് വെച്ച് സൈറ്റ് കൈമാറിയിട്ടുള്ള ഈ പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 3 മാസമാണ്. അതായത് 6.6.2019ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. അളവ് പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ പ്രകാരം പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത് 20.12.2019ൽ ആണ്. പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ രേഖാമൂലം ആവശ്യപ്പെടുകയോ കാലയളവ് ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല.

കേരള പൊതുമരാമത്ത് വകുപ്പ് മാനവൽ സെക്ഷൻ 2112 പ്രകാരം പൂർത്തീകരണ കാലയളവ് പരമാവധി ഒറിജിനൽ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. എന്നാൽ നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തീകരിക്കാതിരുന്നതിന് കേരള പൊതുമരാമത്ത് വകുപ്പ് മാനവൽ സെക്ഷൻ 2112-1 പ്രകാരം ഫൈൻ ഈടാക്കിയിട്ടുണ്ടെങ്കിലും 1% മാത്രമേ ഈടാക്കിയിട്ടുള്ളൂ. കാല താമസം വരുത്തിയ ആദ്യത്തെ മൂന്ന് മാസക്കാലത്തേക്ക് 1% നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസക്കാലയളവിനും 2% നിരക്കിലും ഫൈൻ ഈടാക്കേണ്ടതാണ്.

| കാലതാമസം | ഈടാക്കേണ്ട ഫൈൻ | | ഈടാക്കിയ ഫൈൻ | കുറവ് |
|---|---|---|---|---|
| 6.6.2019 മുതൽ 5.9.2019 വരെ | 149845 X 1% | 1498 | 1498 | 00 |
| 6.9.2019 മുതൽ 5.12.2019വരെ | 149845 X 2% | 2997 | 00 | 2997 |
| 6.12.2019 മുതൽ 20.12.2019വരെ | 149845 X 2% X 15/90 | 500 | 00 | 500 |
| ആകെ | | 4995 | 1498 | 3497 |

മേൽ സൂചിപ്പിച്ച വിധം ഫൈൻ ഈടാക്കിയതിൽ കുറവ് വന്ന 3497/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/23.9.21) മറുപടി ലഭ്യമാക്കിയില്ല.

## 1-17 കോവിഡ് പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കോവിഡ് രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ, പരിരക്ഷാപ്രവർത്തനങ്ങൾ. |
| പ്രോജക്ട് നമ്പർ. | S0109/21 |
| അടങ്കൽ | 220000 (വികസനഫണ്ട്.) 270000 (സി.എഫ്. സി.) 100000(തനതുഫണ്ട്) ആകെ-590000 |
| ചെലവ് | 216713 (വികസനഫണ്ട്.), 247815 (സി.എഫ്.സി.) 21600 (തനതുഫണ്ട്) ആകെ-486128. |
| ബിൽനം./ | 6/21/8.05.20 --181137, 4/21/28.04.20--150000 |

| | |
|---|---|
| തീയതി. | 7/21/05.05.20—66713, 35/21/24.11.20--61729<br>51/19.03.21—4949, ചെക്ക്നം.52000639 തീയതി.23/01/21-21600 |
| നിർവ്വഹണം | സെക്രട്ടറി. |

കോവിഡ് രോഗബാധയുടെ പ്രതിരോധപ്രവർത്തനങ്ങൾ, പരിരക്ഷാപ്രവർത്തനങ്ങൾ എന്നീ ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിനു വേണ്ടി വിഭാവനം ചെയ്ത പദ്ധതിയാണിത്. പ്രോജക്ട് ഫയലിലെ വൌച്ചറുകൾ പ്രകാരം ടി പദ്ധതി നടത്തിപ്പിനായി ബിൽ നം.4/21/28.04.20 പ്രകാരം പിൻവലിച്ച 150000 രൂപ ഉപയോഗിച്ച് സുഗന്ധി ടെയിലറിംഗ് യൂണിറ്റ്, സ്ത്രീശക്തി ടെയിലറിംഗ് യൂണിറ്റ് എന്നീ സ്ഥാപനങ്ങളിൽ നിന്നും 15 രൂപ നിരക്കിൽ 5000 മാസ്ക് വീതം വാങ്ങിയിട്ടുണ്ട്. ഇവ സ്റ്റോക്കിൽ എടുത്തിട്ടുണ്ടെങ്കിലും ഇവയുടെ വിതരണവിവരങ്ങൾ ഹാജരാക്കിയിട്ടില്ല. ബിൽ നം.6/21/8.05.20 പ്രകാരം പിൻവലിച്ച തുകയിൽ നിന്നുള്ള 125000 രൂപ ഉപയോഗിച്ച് ഫ്രണ്ട്സ് &ടെയിലറിംഗ് യൂണിറ്റിൽ നിന്നും 10 രൂപ നിരക്കിൽ 12500 മാസ്കുകളും വാങ്ങിയിട്ടുണ്ട്. ടി മാസ്കുകളുടെ സ്റ്റോക്ക് വിതരണവിവരങ്ങൾ ഹാജരാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പിനായി ബിൽ നം. 35/24.11.20 പ്രകാരം പിൻവലിച്ച തുക ഉപയോഗിച്ച് വാങ്ങിയ 45 ഓക്സിമീറ്ററുകളിൽ 35 എണ്ണം മാത്രമാണ് സ്റ്റോക്കിൽ എടുത്തിട്ടുള്ളത്. മാസ്കുകളുടേയും ഓക്സിമീറ്ററുകളുടേയും സ്റ്റോക്ക്, വിതരണവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 ജലജീവൻ പദ്ധതി

| | |
|---|---|
| പ്രോജക്ടിന്റെ പേര്. | ജൽജീവൻ പദ്ധതി-കേരളവാട്ടർ അതോറിട്ടിക്കു പഞ്ചായത്തു വിഹിതം അടയ്ക്കൽ. |
| പ്രോജക്ട് നമ്പർ. | S0169/21 |
| അടങ്കൽ | 900000 (വികസനഫണ്ട്. )<br>600000 (ഗുണ: വിഹിതം )<br>ആകെ-1500000 |
| ചെലവ് | 900000 ( വികസനഫണ്ട്) |
| ബിൽ നം. / തീയതി. | 56/30.03.21 |
| നിർവ്വഹണം | സെക്രട്ടറി. |

പദ്ധതി പ്രകാരം പഞ്ചായത്തു പരിധിയിൽ അനുവദിക്കുന്ന 2081 ഗാർഹിക കുടിവെള്ള കണക്ഷനുകൾക്ക് വാട്ടർഅതോറിട്ടി തയ്യാറാക്കിയ എസ്റ്റിമേറ്റ് തുകയായ 27030000 രൂപയുടെ 15% ആയ 4054500 രൂപയിൽ 2020-21 പദ്ധതിവിഹിതമായി 900000 ലക്ഷം രൂപയും ആനുപാതികമായി 600000 രൂപ ഗുണഭോക്തൃവിഹിതവും വകയിരുത്തിയിട്ടുണ്ട്. പദ്ധതിനടത്തിപ്പ് സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് വാട്ടർഅതോറിട്ടിയുമായി കരാർ ചമച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ ജൽജീവൻ പദ്ധതിയുമായി ബന്ധപ്പെട്ട് വാട്ടർ അതോറിട്ടിയിൽ നിന്നും കരാർ എടുത്തയാൾ ലഭ്യമാക്കിയ വിവരം അനുസരിച്ച് പ്രസ്തുത പദ്ധതി പ്രകാരം 1258 ഗുണഭോക്താക്കൾക്കാണ് കുടിവെള്ള കണക്ഷൻ ലഭിച്ചിട്ടുള്ളതെന്ന് ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്കു (14/22.9.21) ലഭ്യമാക്കിയ മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെ 5600 വീടുകളാണ് ഉള്ളത്. പഞ്ചായത്തിൽ നിന്നും തൻവർഷം പ്രതിമാസം 119438/- രൂപ നിരക്കിൽ 273 ടാപ്പുകളുടെ വാട്ടർ ചാർജ്ജായി കേരള വാട്ടർ അതോറിട്ടിക്ക് ആകെ 1433256/- രൂപ നൽകിയിട്ടുണ്ട്. എല്ലാ കുടുംബങ്ങൾക്കും ജൽജീവൻ പദ്ധതി പ്രകാരം കുടിവെള്ളകണക്ഷനുകൾ ലഭ്യമാക്കുവാൻ ശ്രമിക്കേണ്ടതാണ്. അതിനുശേഷം വാട്ടർഅതോറിട്ടിയുമായി സംയുക്ത പരിശോധന നടത്തി ആവശ്യമില്ലാത്ത പൊതുടാപ്പുകൾ ഒഴിവാക്കി പൊതുടാപ്പുകളുടെ എണ്ണം ക്രമപ്പെടുത്തേണ്ടതാണ്. ഈ വിഷയത്തിന്മേൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 തൊഴിലുറപ്പ് പദ്ധതി- സാധനസാമഗ്രികൾ വിതരണം ചെയ്യുന്ന കരാറുകാരിൽ നിന്നും നിയമാനുസൃതമായ നികുതി ഈടാക്കുന്നില്ല

തൊഴിലുറപ്പ് പദ്ധതിയുടെ വിവിധ നിർമ്മാണപ്രവൃത്തികൾക്ക് കരാറടിസ്ഥാനത്തിൽ മെറ്റീരിയൽസ് വാങ്ങുമ്പോൾ 2.5 ലക്ഷം രൂപയ്ക്കുമേൽ പേയ്മെന്റുകൾ വരുമ്പോൾ 2% ജി.എസ്.ടി ഉറവിടത്തിൽ കുറവ് ചെയ്യേണ്ടതാണ്. എന്നാൽ 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ പ്രവൃത്തികളിൽ ഇപ്രകാരം 2% ജി.എസ്.റ്റി റ്റി.ഡി.എസ് ആയി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/23.9.21) ലഭ്യമാക്കിയ മറുപടിയിൽ 2020-21 വർഷം പേമെന്റുകൾ ഒന്നും തന്നെ വിതരണക്കാർക്ക് നൽകിയിട്ടില്ല എന്നും വിവിധ മെറ്റീരിയൽ പ്രവൃത്തികളുടെ പേമെന്റ് നൽകുന്ന മുറയ്ക്ക് 2% ജി.എസ്.ടി. കുറവ് ചെയ്യുന്നതായിരിക്കും എന്നറിയിക്കുകയുണ്ടായി. ഇപ്രകാരം കരാറുകാരിൽ നിന്നും നികുതി ഈടാക്കി സർക്കാരിൽ ഒടുക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 മറ്റത്തിൽ പൊഴിച്ചാൽ റോഡ് മെറ്റലിംഗ് ടാറിംഗ്

പ്രോജക്ട് നമ്പർ -S0134/21, അടങ്കൽ- 544324/- മെയിന്റനൻസ് ഗ്രാന്റ് റോഡ്

ആകെ മൂല്യം - 486004/- (പി.എ.സി- 486004/-)

അളവ് പുസ്തകം - 505/19-20, കരാറുകാരൻ - ശ്രീ. സുനിൽകുമാർ,

18.9.2019ൽ 1/19-20ആയി കരാർ വെച്ചിട്ടുള്ള ഈ പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 5 മാസമാണ്. എന്നാൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത് 17.3.2020ൽ ആണ്. കൂടാതെ അളവ് പുസ്തകം പുറം 1 പ്രകാരം ഒന്നാമിനമായി GSB ബേസ് സർഫസ് കോഴ്സ് വിത്ത് ലോക്കൽ മെറ്റീരിയൽ എന്ന പ്രവൃത്തി ചെയിനേജ് 234 മുതൽ 250 വരെ 16x3x0.12 ചെയ്തത് തെറ്റായി 20x3x0.12 എന്ന് രേഖപ്പെടുത്തി 7.20m$^3$ കണക്കാക്കി ആയതിൽ നിന്ന് കൺസോളിഡേഷൻ 18% കുറവ് ചെയ്ത് 5.91m3ന് മൂല്യനിർണ്ണയം നടത്തിയിട്ടുള്ളതായി കാണുന്നു. കൂടാതെ പൂർത്തീകരണ കാലതാമസത്തിന് ഫൈൻ ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/24.9.21) ലഭ്യമാക്കിയ മറുപടിയിൽ ചെയിനേജ് 254വരെയെന്നത് തെറ്റായി 250എന്നെഴുതിപ്പോയതാണെന്നും ആയത് തിരുത്തുവരുത്തുവാൻ മറന്ന് പോയതാണെന്നും അറിയിച്ചിട്ടുണ്ട്. മറ്റിനം പ്രവൃത്തികളെല്ലാം ചെയിനേജ് 254വരെ ചെയ്തിട്ടുള്ളതിനാൽ മറുപടി അംഗീകരിക്കുന്നുവെങ്കിലും പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകളെല്ലാം തന്നെ കൃത്യമായും കാര്യക്ഷമമായും എഴുതി സൂക്ഷിക്കേണ്ടതാണ്. കൂടാതെ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാതിരുന്നത് സംബന്ധിച്ചുള്ള മറുപടിയിൽ പ്രവൃത്തി പൂർത്തീകരിച്ച തിയതിയായ 17.3.2020 ഗ്രേസ് പിരീഡായതിനാലാണ് ഫൈൻ ഈടാക്കാതിരുന്നതെന്ന് അറിയിച്ചിരിക്കുന്നു. എന്നാൽ പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകണമെന്ന് കരാറുകാരൻ അപേക്ഷിക്കുകയോ അപ്രകാരം അനുവദിക്കുകയോ ചെയ്തിട്ടില്ല. കൂടാതെ ജി.ഓ(പി)13/12/പി.ഡബ്ല്യൂ.ഡി 1.2.2012 പ്രകാരം പ്രവൃത്തി പൂർത്തീകരണത്തിന് ഗ്രേസ് പിരീഡ് അനുവദിക്കുന്നില്ല. ആയതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തീകരിക്കാതിരുന്നതിന് കേരള പൊതുമരാമത്ത് വകുപ്പ് മാനവൽ സെക്ഷൻ 2112-1 പ്രകാരം ആദ്യത്തെ മൂന്ന് മാസക്കാലത്തേക്ക് 1% നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസക്കാലയളവിനും 2% നിരക്കിലും ഫൈൻ ഈടാക്കേണ്ടതാണ്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കേണ്ട 17.2.2020 മുതൽ യഥാർത്ഥത്തിൽ പൂർത്തീകരിച്ച 17.3.2020 വരെയുള്ള ഒരുമാസക്കാലയളവിന് 486004x1x30/100x90 =1620/- രൂപ ഫൈൻ ഇനത്തിൽ ഈടാക്കി ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-21 ലൈഫ് മിഷൻ-ഭവനനിർമ്മാണ പദ്ധതി(പട്ടികജാതി)- അപാകതകൾ

2020-21 സാമ്പത്തികവർഷം വി.ഇ.ഒ. തങ്കി സർക്കിൾ നിർവ്വഹണം ചെയ്തതിൽ അപാകതകളുള്ള പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

I) പ്രോജക്ട് നം -S0172/21(New)

പ്രോജക്ടിന്റെ പേര് -ലൈഫ് മിഷൻ-ഭവനനിർമ്മാണ പദ്ധതി(പട്ടികജാതി)

<u>വകയിരുത്തൽ</u>

വികസനഫണ്ട്(എസ്.സി.പി) - 1052000/- ധനകാര്യകമ്മീഷൻഅവാർഡ് - 148000/-

സംസ്ഥാനാവിഷ്കൃതഫണ്ട് - 3100000/- ബ്ളോക്ക്പഞ്ചായത്ത് വിഹിതം - 480000/-

ജില്ലാ പഞ്ചായത്ത് വിഹിതം - 800000/- മറ്റുള്ളവ - 6820000/- ആകെ അടങ്കൽ - 12400000/-

<u>ചെലവ്</u>

വികസനഫണ്ട്(എസ്.സി.പി) - 480000/-

ആകെ ചെലവ് - 480000/-

<u>അപാകത</u>

1,24,00000/-രൂപ വകയിരുത്തിയ പ്രോജക്ടിൽ നിന്നും 4,80,000/-രൂപ മാത്രമാണ് ചെലവഴിച്ചത്. 1,19,20,000/-രൂപ ചെലവഴിക്കാതിരുന്നതിന് കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/18.9.21), നൽകിയ മറുപടി പ്രകാരം, ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ട പട്ടികജാതി വിഭാഗത്തിൽപ്പെട്ടിട്ടുള്ള 12ഗുണഭോക്താക്കൾ മാത്രമാണ് രേഖകൾ ഹാജരാക്കി കരാർ വെച്ചത്. അവർക്ക് ആദ്യ ഗഡുവായ 40000/- രൂപ വീതം 4,80,000/- രൂപ അനുവദിച്ചു. ഗുണഭോക്താക്കൾ അടിത്തറ നിർമ്മാണം പൂർത്തീകരിക്കാതിരുന്നതിനാൽ ബാക്കി തുക ചെലവഴിച്ചില്ല. തുക കൈപ്പറ്റിയവരിൽ, 6 ഗുണഭോക്താക്കൾ അടിത്തറ നിർമ്മാണം പൂർത്തീകരിച്ചു. 5 ഗുണഭോക്താക്കൾ അടിത്തറ നിർമ്മാണം ആരംഭിച്ചു. അജിത മദനൻ, ചക്കംതുരുത്ത് എന്ന ഗുണഭോക്താവ് 40000/- രൂപ കൈപ്പറ്റിയെങ്കിലും(ബിൽ നം.7/20-21/16.3.21) നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. ഭവനനിർമ്മാണ പ്രവൃത്തി ചെയ്യുന്ന 11 ഗുണഭോക്താക്കളുടെയും പ്രവൃത്തിയുടെ ഓരോ ഘട്ടവും മോണിറ്ററിംഗ് കമ്മറ്റി പരിശോധന നടത്തി ഭവനനിർമ്മാണം പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. 40000/- രൂപ കൈപ്പറ്റി നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്ത അജിത മദനൻ എന്ന ഗുണഭോക്താവ് ഭവനനിർമ്മാണം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഗുണഭോക്താവിൽനിന്നും തുക പലിശസഹിതം തിരികെ ഈടാക്കേണ്ടതാണ്.

II) പ്രോജക്ട് നം -S0198/21(New)

പ്രോജക്ടിന്റെ പേര് -സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി-ലൈഫ്(ഫിഷറീസ് വിഭാഗം)

<u>വകയിരുത്തൽ</u>

വികസനഫണ്ട്(പൊതുവിഭാഗം) - 100000/- സംസ്ഥാനാവിഷ്കൃതഫണ്ട് - 6100000/-

ബ്ളോക്ക്പഞ്ചായത്ത് വിഹിതം - 2300000/- ജില്ലാ പഞ്ചായത്ത് വിഹിതം - 2480000/-

മറ്റുള്ളവ - 13420000/- ആകെ അടങ്കൽ - 24400000/-

<u>ചെലവ്</u>

വികസനഫണ്ട്(എസ്.സി.പി) - 100000/-

സംസ്ഥാനാവിഷ്കൃതഫണ്ട് -1640000/-

ആകെ ചെലവ് - 1740000/-

അപാകത

2,44,00,000/-രൂപ വകയിരുത്തിയ പ്രോജക്ടിൽ നിന്നും 17,40,000/-രൂപ മാത്രമാണ് ചെലവഴിച്ചത്. 2,26,60,000/-രൂപ ചെലവഴിക്കാതിരുന്നതിന് കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/18.9.21), നൽകിയ മറുപടി പ്രകാരം, ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ട (ഫിഷറീസ് അഡീഷണൽ ലിസ്റ്റ്) ഗുണഭോക്താക്കൾ രേഖകൾ ഹാജരാക്കി കരാർ വെയ്ക്കുന്ന മുറയ്ക്ക് തുക നൽകുന്നതിനാണ് പ്രോജക്ടിൽ തുക വകയിരുത്തിയിരുന്നത്. എന്നാൽ 41 ഗുണഭോക്താക്കൾ മാത്രമാണ് 20-21 സാമ്പത്തികവർഷം കരാർ വെച്ചത്. ആയതിൽ ഒരാൾ മാത്രമാണ് 20-21 സാമ്പത്തികവർഷം അടിത്തറ നിർമ്മാണം പൂർത്തിയാക്കിയത്. 41 ഗുണഭോക്താക്കൾക്ക് മുൻകൂറായി 40000/- രൂപ വീതവും, അടിത്തറനിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താവിന് 100000/- രൂപയും ഉൾപ്പടെ 17,40,000/- രൂപ മാത്രമാണ് ചെലവഴിച്ചത്. തുക കൈപ്പറ്റി നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്ത ഗുണഭോക്താക്കൾ ആരും തന്നെയില്ലെങ്കിലും താഴെ ചേർത്തിരിക്കുന്നവർ അടിത്തറ നിർമ്മാണം പൂർത്തീകരിച്ച് തുടർന്നുള്ള പ്രവൃത്തി ആരംഭിക്കാത്തവരാണ്.

1)മേരി ജാസ്മിൻ,കരിയിൽ

2)സോഫി,കരിശിങ്കൽ

3)റജീന ജേക്കബ്,കളത്തിൽ

4)റോസ് ലിൻ(റോസമ്മ),കരിശിങ്കൽ

5)യുപ്രേഷ്യ,കുടിയാംശ്ശേരി

6)സ്റ്റാലിൻ,തട്ടാംപറമ്പിൽ

7)അലോഷ്യസ്,കാക്കരിയിൽ

8)മേരി സവിത,കുരിശ്ശിങ്കൽ

മേൽ 8 ഗുണഭോക്താക്കളുടെയും ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

III) പ്രോജക്ട് നം -S0171/21(New)

പ്രോജക്ടിന്റെ പേര് -ലൈഫ് മിഷൻ-ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ(പട്ടികജാതി വിഭാഗം)

വികസനഫണ്ട് (എസ്.സി.പി) യിൽ നിന്നും 225000/- രൂപ വകയിരുത്തിയ പ്രോജക്ടിൽ നിന്നും തുക ചെലവഴിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/18.9.21), ഗുണഭോക്താക്കൾ സ്ഥലം കണ്ടെത്തി രേഖകൾ ഹാജരാക്കാത്തതിനാൽ തുക ചെലവഴിക്കാൻ സാധിച്ചില്ല എന്ന് മറുപടി ലഭ്യമാക്കി. അർഹരായ ഗുണഭോക്താക്കൾ ഇല്ലാതെ പ്രോജക്ട് തയ്യാറാക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 1-22 ബോൺമീൽ - അധികം ചെലവഴിച്ച തുക തിരികെ ഈടാക്കേണ്ടതാണ്

2020-21 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവ്വഹണം ചെയ്ത തെങ്ങ്കൃഷി വികസനം(വളം) എന്ന പ്രോജക്ടിലെ (പ്രോജക്ട് നം-S0151/21) വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

വകയിരുത്തൽ

വികസന ഫണ്ട്(പൊതുവിഭാഗം) - 99940/- ഗുണഭോക്തൃവിഹിതം (സ്ഥാപനത്തിൽ അടക്കുന്നത്)- 99940/-

ആകെ അടങ്കൽ - 199880/-

ചെലവ്

1) ബിൽ നം.5/20-21/22.1.21/തുക.57000/- 2) ബിൽ നം.9/20-21/24.2.21/തുക.33554/-

3) ബിൽ നം.14/20-21/24.2.21/തുക.9386/- 4)ചെക്ക് നം.2921572/17.2.21/ തുക.57000/-

5) ചെക്ക് നം.2921572/17.2.21/ തുക.33554/-6) ചെക്ക് നം.2921577/18.2321/ തുക.9386/-

2630 തെങ്ങുകൾക്ക് 2കി.ഗ്രാം വീതം 5260കി.ഗ്രാം ബോൺമീൽ വാങ്ങി കർഷകർക്ക് വിതരണം ചെയ്യുകയാണ് അംഗീകരിച്ച പ്രോജക്ടിന്റെ ലക്ഷ്യം.

KAICO,District Office, Alappuzha യിൽ നിന്നും ബോൺ മീൽ വാങ്ങിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Invoice No/Date | Item | Rate | Qty(Kg) | Amount |
|---|---|---|---|---|
| AMB/172/20-21/20.01.21 | Bone Meal | 38 | 3000 | 114000 |
| AMB/192/20-21/2.02.21 | Bone Meal | 38 | 1766 | 67108 |
| AMB/217/20-21/10.02.21 | Bone Meal | 38 | 494 | 18772 |
| Total | | | 5260 | 199880 |

അപാകത

പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017-22) ജില്ലാതല യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് ആലപ്പുഴ ജില്ലാ കളക്ടറുടെ 3.4.18 ലെ 2895/18/ഡി.പി.സി/ഡി.പി.ഒ/എ.എൽ.പി നം. ഉത്തരവ് പ്രകാരം ബോൺ മീൽ 1 കിലോഗ്രാമിന്റെ വില 35 രൂപയാണ്. എന്നാൽ 38/-രൂപ നിരക്കിൽ 5260 കി.ഗ്രാം ബോൺ മീൽ വാങ്ങി വിതരണം ചെയ്തതുവഴി ഉണ്ടായ അധികചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | കെയ് കോ യിൽ നിന്നും വാങ്ങിയതിന്റെ വിവരം | | | യൂണിറ്റ് കോസ്റ്റ് പ്രകാരം വാങ്ങാവുന്ന നിരക്ക് | | അധികം ചെലവഴിച്ചത് |
|---|---|---|---|---|---|---|
| | അളവ് (കി.ഗ്രാം) | നിരക്ക് | തുക | നിരക്ക് | തുക | |
| ബോൺമീൽ | 5260 | 38 | 199880 | 35 | 184100 | 15780 |
| ആകെ (അധികം ചെലവഴിച്ചത്) | | | | | | 15780 |

15780/- രൂപ അധികം ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/20.9.21), അധികം ഈടാക്കിയ 15780/- രൂപ KAICO തിരിച്ചടയ്ക്കുമെന്ന് ഉറപ്പ് നൽകിയതായി കൃഷി ഓഫീസർ മറുപടി ലഭ്യമാക്കി. തുക ഈടാക്കി ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-23 ഇ-ടെണ്ടർ ഫീസ്

ഗ്രാമപഞ്ചായത്ത് 2020-21 വർഷം ഇ-ടെന്റർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവർത്തികളുടെ ടെന്റർ ഫീസിനത്തിൽ 50870/- രൂപ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ഒടുക്കു വരുത്തിയിരുന്നു. എൻ.ഐ.സി മുഖേന പ്രസ്തുത അക്കൗണ്ടിൽ ഓൺ ലൈനായി ക്രെഡിറ്റ് വന്ന ഈ തുക ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണെങ്കിലും ഓഡിറ്റ് സമയം വരേക്കും തിരികെ ലഭിച്ചിട്ടില്ല. തൻവർഷത്തെ ടെന്റർ ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള 50870/- രൂപയും, മുൻവർഷങ്ങളിലേതായി ഈ ഇനത്തിൽ ലഭിക്കാനുള്ള തുകയും കണക്കാക്കി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 ഫലവൃക്ഷത്തൈ വിതരണം - വകയിരുത്തിയതിൽ അധികം തുകയ്ക്ക് തൈകൾ വാങ്ങി

2020-21 സാമ്പത്തിക വർഷം വികസന ഫണ്ടിൽ (പൊതുവിഭാഗം) നിന്നും 25000/- രൂപ വകയിരുത്തി കൃഷി ഓഫീസർ നിർവ്വഹണം ചെയ്ത സുഭിക്ഷകേരളം- ഫലവൃക്ഷത്തൈ വിതരണം എന്ന പ്രോജക്റ്റിൽ (പ്രോജക്റ്റ് നം-S0155/21) നിന്നും , കർഷകർക്ക് വിതരണം ചെയ്യുന്നതിനായി വി.എഫ്.പി.സി.കെ.ആലപ്പുഴ ജില്ലാ ഓഫീസിൽ നിന്നും 30.6.20 ൽ VFPCK/ALP/027 നം. ഇൻവോയ്സ് പ്രകാരം ഫലവൃക്ഷത്തൈകൾ വാങ്ങിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Sl.No | Item | Rate | Qty(Nos) | Amount |
|---|---|---|---|---|
| 1 | Banana Suckers(Nendran) | 15 | 500 | 7500 |
| 2 | Banana Suckers(Njali Poovan) | 15 | 500 | 7500 |
| 3 | Puli/Kudampuli Seedlings | 20 | 350 | 7000 |
| 4 | Kariveppu/Curry Leaf Seedlings | 15 | 300 | 4500 |
| 5 | Jack Fruit Seedlings | 10 | 350 | 3500 |
| Total | | | 2000 | 30000 |

2000 ഫലവൃക്ഷത്തൈകൾ 30000/- രൂപയ്ക്ക് വാങ്ങി വിതരണം ചെയ്തു.

<u>ചെലവ്</u> - ബിൽ നം.8/20-21/27.1.21/തുക.25000/-

<u>അപാകതകൾ</u>

A) 25000/- രൂപ വകയിരുത്തിയ പ്രോജക്റ്റിൽ നിന്നും 30000/- രൂപയ്ക്ക് ഫലവൃക്ഷത്തൈകൾ വാങ്ങി.

B) VFPCK ക്ക് 25000/- രൂപ നൽകി. ബാക്കി 5000/- രൂപ നൽകിയതിന്റെ രേഖയില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/20/9/21), കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ ADFW/535/2020-TP2/7.5.20 നം.ഉത്തരവിലെ 10000 ഫലവർഗ്ഗവിളകൾ ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കണമെന്ന നിർദ്ദേശാനുസരണം, മേൽ പ്രോജക്റ്റ് മുഖേന 2000 ഫലവൃക്ഷത്തൈകൾ വാങ്ങി വിതരണം ചെയ്തതാണെന്നും പ്രോജക്റ്റിലെ വകയിരുത്തലിനേക്കാൾ അധികം ചെലവായ 5000/- രൂപയിൽ 500/- രൂപ കൃഷി വകുപ്പിന്റെ ഫണ്ടിൽ നിന്നും നൽകിയെന്നും അവശേഷിക്കുന്ന 4500/- രൂപ കൃഷി വകുപ്പിന്റെ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നൽകുന്നതാണെന്നും മറുപടി ലഭ്യമാക്കി. പ്രോജക്റ്റിലെ ഫാറം5 ൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ അംഗീകാര സാക്ഷ്യപത്രത്തോട് കൂടി 25000/- രൂപ അടങ്കൽ തുക വകയിരുത്തി, പ്രോജക്റ്റ് നടപ്പിലാക്കുന്നതിനാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. പ്രോജക്റ്റ് അടങ്കലിനെ അടിസ്ഥാനപ്പെടുത്തി മാത്രം പദ്ധതി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ക്ഷേമ പെൻഷൻ വിതരണത്തിലെ അപാകതകൾ

പഞ്ചായത്തിലെ 2020-21 വർഷത്തെ മരണ റിപ്പോർട്ടുകളും വിവിധ ക്ഷേമ പെൻഷനുകളുടെ വിവരങ്ങളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) ഗുണഭോക്താക്കൾ മരണപ്പെട്ടശേഷം തൊട്ടടുത്ത മാസങ്ങളിൽതന്നെ പെൻഷൻ സസ്പെൻഡ് ചെയ്യാത്തതിനാൽ സഹകരണബാങ്കുകളിലേക്ക് തുടർന്നും തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നം | പേര് ,വിലാസം | പെൻഷൻ/ പെൻഷൻ ID | മരിച്ച തീയതി | സസ്പെൻഡ് ചെയ്ത | സഹകരണ ബാങ്കുകളി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | തീയതി | ലേക്ക് അധികം നൽകിയ തുക |
| 1 | ശാരദാബായി, കൊച്ചപറമ്പ് നികർത്ത് | വാർദ്ധക്യകാല പെൻഷൻ 104310200921 | 4.4.2020 | 8.11.2020 | 9000 |
| 2 | പ്രഭാകരൻ, പണ്ടാരപ്പാട്ടത്തിൽ | വാർദ്ധക്യകാല പെൻഷൻ 104310201206 | 18.4.2020 | 7.12.2020 | 12000 |
| 3 | പുരുഷോത്തമൻ പറമ്പിൽ | വാർദ്ധക്യകാല പെൻഷൻ 104310200242 | 3.3.2020 | 19.1.2021 | 25000 |
| 4 | കത്രീന കരീക്കാട്ട് | വാർദ്ധക്യകാല പെൻഷൻ 104310200844 | 27.8.20 | 20.2.21 | 4200 |
| 5 | സൌദാമിനി , കുന്നംപുറത്ത് | വാർദ്ധക്യകാല പെൻഷൻ 104310200803 | 1.10.2020 | 20.2.2021 | 3000 |
| 6 | വിരോണി കുരിശുങ്കൽ | വാർദ്ധക്യകാല പെൻഷൻ 104310201835 | 27.7.2020 | 20.2.2021 | 5400 |
| 7 | നാരായണൻ ,ചക്കുപറമ്പിൽ | വാർദ്ധക്യകാല പെൻഷൻ 104310200164 | 24.7.2020 | 20.2.2021 | 13500 |
| 8 | പദ്മനാഭൻ, ചീരംചിറയിൽ | വാർദ്ധക്യകാല പെൻഷൻ 104310200091 | 7.8.2020 | 20.2.2021 | 13500 |
| 9 | ടി.വി.പരമേശ്വരൻ, സരസ് | വാർദ്ധക്യകാല പെൻഷൻ 104310200064 | 21.9.2020 | 20.2.2021 | 7500 |
| 10 | സുകുമാരൻ, കരപ്പറമ്പിൽ | കർഷക തൊഴിലാളി പെൻഷൻ 104310100113 | 14.05.2020 | 16.3.2021 | 13800 |
| 11 | ഫ്രാൻസിസ് ജോസഫ് , നിവർത്തിൽ മുഞ്ചാണിക്കൽ | കർഷക തൊഴിലാളി പെൻഷൻ 10431010095 | 20.8.20 | 16.3.21 | 13800 |
| 12 | ജാനകി അറുകലപ്പറമ്പ് | കർഷക തൊഴിലാളി പെൻഷൻ 104310121000 | 19.10.2020 | 16.3.21 | 7200 |
| 13 | ജാനകി, വരമ്പുചിറ | കർഷക തൊഴിലാളി പെൻഷൻ 104310100005 | 1.3.2020 | 16.3.2021 | 24700 |
| | ആകെ | | | | 152600 |

2) മരണപ്പെട്ട വ്യക്തിയുടെ പെൻഷൻ നാളിതുവരെ സസ്പെൻഡ് ചെയ്യാത്തതിനാൽ 2400/- രൂപ അനർഹമായി നൽകിയിട്ടുണ്ട്.

| പേര് | പെൻഷൻ | മരിച്ച തീയതി | ആധാർ നമ്പർ | ബാങ്ക് അക്കൌണ്ട് | അധികം നല്കിയ തുക |
|---|---|---|---|---|---|
| തേക്കില, കടിയാംശ്ശേരി | വാർദ്ധക്യ കാല പെൻഷൻ 10431020 1444 | 12.5.2020 | 8883440 45003 | FDRL0001226 A/C 122601002 04672 | 2400 /- |

അധികമായി സഹകരണ ബാങ്കുകളിലെ അക്കൌണ്ടിലേക്ക് നൽകിയിരിക്കുന്ന തുകകൾ കേരള ബാങ്കിലേക്ക് തിരികെ അടച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ഹാജരാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (30/24.9.21) നൽകിയതിന് ലഭ്യമാക്കിയ വിശദീകരണത്തിൽ സഹകരണബാങ്ക് തുക തിരിച്ചടച്ചതായുള്ള സാക്ഷ്യപത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. തുക തിരിച്ചടച്ചതായുള്ള രേഖകൾ (ചെലാൻ) പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
കൂടാതെ മരണപ്പെട്ട വ്യക്തിയുടെ പെൻഷൻ നാളിതുവരെ സസ്പെൻഡ് ചെയ്യാത്തതിനാൽ അനർഹമായി നൽകിയ 2400/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

പഞ്ചായത്തിൽ പെൻഷൻ വിതരണം നടത്തുന്ന രണ്ട് സഹകരണബാങ്കുകളിലേയും ഏജന്റുമാർ ഗുണഭോക്താക്കൾ മരണപ്പെടുന്ന വിവരം പഞ്ചായത്തിൽ അറിയിക്കാതിരിക്കുന്നതും പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് കാലതാമസം ഉണ്ടാകുന്നു. ബാങ്കുകൾ വഴി അക്കൌണ്ടിലേക്ക് നേരിട്ട് പെൻഷൻ ലഭിക്കുന്നതും മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്നതുമായ ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്യാൻ നിലവിൽ മറ്റ് മാർഗ്ഗങ്ങളില്ല. ഇതൊഴിവാക്കുന്നതിനായി ധനകാര്യ വകുപ്പിന്റെ പുതിയ സർക്കുലർ നം. 63/2021/ധന, തീയതി,2.8.21 പ്രകാരമുള്ള താഴെപ്പറയുന്നനിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.
1) അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റ് പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയിട്ടുള്ള വ്യക്തികളുണ്ടെങ്കിൽ അതത് പ്രാദേശിക സർക്കാർ സെക്രട്ടറിയെ അടുത്ത മാസം 10-തീയതിക്കു മുൻപായി അറിയിക്കേണ്ടതാണ്.

2)പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതാണ്. പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അത്തരക്കാരെ താമസം വിനാ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

3)ഗുണഭോക്താവ് മരണപ്പെട്ടാൽ ഗുണഭോക്താക്കളുടെ അവകാശികളോ ബന്ധുക്കളോ പ്രസ്തുത വിവരം ബന്ധപ്പെട്ട പ്രാദേശിക സർക്കാരിൽ വീഴ്ച കൂടാതെ അറിയിക്കുന്നതിനുള്ള വ്യവസ്ഥ ചെയ്യുന്നതിനായി സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ/ അപേക്ഷകരിൽ നിന്നും സത്യപ്രസ്താവന വാങ്ങേണ്ടതാണ്.

## 1-26 വനിതാ ഗ്രൂപ്പുകൾക്ക് കിഴങ്ങ് വർഗ കൃഷി - അപാകതകൾ

2020-21 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവ്വഹണം ചെയ്ത സുഭിക്ഷകേരളം- വനിതാ ഗ്രൂപ്പുകൾക്ക് കിഴങ്ങ് വർഗ കൃഷി എന്ന പ്രോജക്ടിലെ (പ്രോജക്ട് നം-S0152/21) വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

വകയിരുത്തൽ

വികസന ഫണ്ട്(പൊതുവിഭാഗം) - 316800/- ഗുണഭോക്തൃവിഹിതം (സ്ഥാപനത്തിൽ അടക്കുന്നത് )- 60800/-

ആകെ അടങ്കൽ - 377600/-

ചെലവ്

1) ബിൽ നം.10/20-21/24.2.21/തുക.214500/- 2) ബിൽ നം.15/20-21/24.2.21/തുക.98300/-

3)ചെക്ക് നം. 2921577/ 18.3.21/ തുക.60800/-

KAICO,District Office, Alappuzha യിൽ നിന്നും ബോൺ മീൽ വാങ്ങിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Invoice No/Date | Item | Rate | Qty(Kg) | Amount |
|---|---|---|---|---|
| AMB/193/20-21/2.02.21 | Bone Meal | 38 | 3000 | 114000 |
| AMB/215/20-21/10.02.21 | Bone Meal | 38 | 200 | 7600 |
| Total | | | 3200 | 121600 |

അപാകത

പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017-22) ജില്ലാതല യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് ആലപ്പുഴ ജില്ലാ കളക്ടറുടെ 3.4.18 ലെ 2895/18/ഡി.പി.സി/ഡി.പി.ഒ/എ.എൽ.പി നം. ഉത്തരവ് പ്രകാരം ബോൺ മീൽ 1 കിലോഗ്രാമിന്റെ വില 35 രൂപയാണ്. എന്നാൽ 38/-രൂപ നിരക്കിൽ 3200 കി.ഗ്രാം ബോൺ മീൽ വാങ്ങി വനിതാ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്തതുവഴി ഉണ്ടായ അധികചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | കെയ്കോയിൽ നിന്നും വാങ്ങിയ നിരക്ക് | | | യൂണിറ്റ് കോസ്റ്റ് പ്രകാരം വാങ്ങാവുന്ന നിരക്ക് | | അധികം ചെലവഴിച്ചത് |
|---|---|---|---|---|---|---|
| | അളവ് (കി.ഗ്രാം) | നിരക്ക് | തുക | നിരക്ക് | തുക | |
| ബോൺമീൽ | 3200 | 38 | 121600 | 35 | 112000 | 9600 |
| ആകെ (അധികം ചെലവഴിച്ചത് ) | | | | | | 9600 |

9600/- രൂപ അധികം ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.10/22/9/21), കെയ്കോ തുക തിരികെ അടവാക്കാമെന്ന് അറിയിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. അധികം ചെലവഴിച്ച 9600/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-27 ഗ്രാമ പഞ്ചായത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം

കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വളരെ മികച്ച രീതിയിൽ സംഘടിപ്പിക്കുവാനും കുറ്റമറ്റരീതിയിൽ ഏകോപിപ്പിക്കുവാനും പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. പ്രതിരോധ പ്രവർത്തനങ്ങളിൽ നിതാന്ത ജാഗ്രത പഞ്ചായത്ത് പുലർത്തിപോരുന്നു.

ഗ്രാമ പഞ്ചായത്ത് ഓഫീസ് കേന്ദ്രീകരിച്ച് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കോവിഡുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് വേണ്ട സഹായങ്ങൾ സമയബന്ധിതമായി നൽകുന്നതിനുമായി 24x7 എന്ന സമയക്രമത്തിൽ ഹെൽപ്പ് ഡെസ്ക് രൂപീകരിച്ച പ്രവർത്തനം നടത്തിവരുന്നു. കോവിഡ് പോസിറ്റീവായവരെ ആശുപത്രിയിൽ എത്തിക്കുന്നതിന് ആംബുലൻസ് സൗകര്യവും ടാക്സി സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഹെൽപ്പ് ഡെസ്കിന്റെ അടിസ്ഥാന സൗകര്യങ്ങൾക്കാവശ്യമായ തുക തനത് ഫണ്ടിൽ നിന്നോ വികസന ഫണ്ടിൽ നിന്നോ വകയിരുത്തിയിട്ടില്ല.

ഗുരുതര രോഗം ബാധിച്ചവരുടെ പരിചരണത്തിനായി (വൃക്ക രോഗ ബാധിതർ, അർബുദ രോഗികൾ) പൊതുവിഭാഗം വികസന ഫണ്ട് ,റോഡിതര മെയിന്റനസ് ഫണ്ട്, തനത് ഫണ്ട് എന്നവ ഉപയോഗിച്ച് മരുന്ന് വാങ്ങുന്നതിന് സുലേഖ വഴി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി.

വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വാർഡ് അടിസ്ഥാനത്തിലും പ്രസിഡന്റ്, സെക്രട്ടറി, മെഡിക്കൽ ഓഫീസർ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ, വൈസ് പ്രസിഡന്റ് എന്നിവരുൾപ്പെടുന്ന പഞ്ചായത്തുതല കോർ കമ്മറ്റി രൂപീകരിച്ച് ദിവസേന അതതുദിവസത്തെ സാഹചര്യമനുസരിച്ച് ഓൺലൈനായും ഓഫ്ലൈനായും മീറ്റിംഗുകൾ ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നു. വാർഡ് തലത്തിൽ മെമ്പർമാരുടെ നേതൃത്വത്തിൽ ആശാവർക്കർമാർ, ആരോഗ്യ പ്രവർത്തകർ, അംഗനവാടി വർക്കർമാര്, കുടുംബശ്രീ സന്നദ്ധ പ്രവർത്തകർ, സ്ഥലത്ത് താമസമുള്ള സന്നദ്ധരായ സർക്കാർ ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന ആർ.ആർ.റ്റികൾ രൂപീകരിക്കുകയും വാർഡിലെ 40 മുതൽ 50 വരെ വീടുകൾ ഉൾപ്പെടുന്ന ക്ലസ്റ്ററുകളുടെ ചുമതല വിഭജിച്ച് നൽകുകയും കോവിഡ് ബാധിതർക്ക് അവശ്യം വേണ്ട സഹായങ്ങളും ചെയ്തു വരുന്നു. കിടപ്പ് രോഗികളുടേയും മറ്റ് രോഗങ്ങൾ ഉള്ളവരുടേയും വിവരങ്ങൾ ശേഖരിക്കുകയും പെട്ടെന്ന് വൈദ്യസഹായം ആവശ്യമായി വന്നാൽ ആംബുലൻസ് ഉൾപ്പെടെയുള്ള സഹായം ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. ലോക്ക്ഡൗൺ കാലയളവിൽ സർക്കാർ ഉത്തരവ് പ്രകാരം കമ്മ്യൂണിറ്റി കിച്ചൺ, ജനകീയ ഹോട്ടൽ ആരംഭിച്ച് സൗജന്യ നിരക്കിൽ ഭക്ഷണ വിതരണം നടത്തി.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി പഞ്ചായത്ത് തലത്തിൽ പ്രസിഡന്റിന്റെ നേതൃത്വത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി എല്ലാ പ്രതിരോധ പ്രവർത്തനങ്ങളുടേയും ദൈനംദിന മോണിറ്ററിംഗ് നടത്തുന്നു. കോവിഡുമായി ബന്ധപ്പെട്ട വിവര ലഭ്യത കൃത്യമാണെന്ന് ഉറപ്പാക്കി ബന്ധപ്പെട്ട അധികൃതരെ അറിയിക്കുന്നു. താഴെത്തട്ടിലുള്ള എല്ലാ പ്രവർത്തനങ്ങളിലും ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ചുക്കാൻ പിടിച്ച് നിലവിൽ 53 പോസിറ്റീവ് കേസുകൾ മാത്രമായി കോവിഡ് ബാധിതരുടെ എണ്ണം കുറയ്ക്കുവാൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ കീഴിൽ കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ പ്രവർത്തിച്ചിരുന്നില്ല. കണ്ടമംഗലം സ്കൂളിൽ CFLTC ആരംഭിക്കുന്നതിനുവേണ്ടി ഭൗതീക സാഹചര്യങ്ങൾ ഒരുക്കിയിരുന്നു. ടോയിലറ്റ് നിർമ്മാണത്തിന് ശുചിത്വമിഷൻ ഫണ്ട് 428986/- രൂപയും വാഷ്ബേസിൻ നിർമ്മാണത്തിന് 24722/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ദുരന്ത നിവാരണ അതോറിട്ടിയിൽ നിന്നും അഡ്വാൻസായി ലഭിച്ച 3,00,000/- രൂപ തിരിച്ചടച്ചിട്ടുണ്ട്. സ്പോൺസർഷിപ്പ് വഴി സാധനസാമഗ്രികൾ കണ്ടെത്താൻ സാധിച്ചിട്ടില്ല.

മഹാമാരിയുമായി ബന്ധപ്പെട്ട് കമ്മ്യൂണിറ്റി കിച്ചൺ നടപ്പിലാക്കിയിട്ടില്ല. കോവിഡ് മൂലം പട്ടിണിയാവാൻ സാധ്യതയുള്ളവരെ വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ കണ്ടെത്തി അവർക്ക് ജനകീയ ഭക്ഷണശാലയിൽ നിന്നും പഞ്ചായത്തിന്റെ ചെലവിൽ ഉച്ചഭക്ഷണം നൽകിയിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 45പൾസ് ഓക്സി മീറ്റർ വാങ്ങി പി.എച്ച്.സിക്ക് കൈമാറിയിട്ടുണ്ട്.
23.9.2021വരെ പഞ്ചായത്തിൽ 1750പേർ കോവിഡ് പോസിറ്റീവ് ആയിട്ടുണ്ട്. അതിൽ 36പേർ മരണപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ കണക്കുകൾ പ്രകാരം നാളിതുവരെ വാക്സിനേഷൻ സ്വീകരിച്ചവരുടെ വിവരം താഴെ ചേർക്കുന്നു.

| പ്രായം | ഒന്നാം ഡോസ് | രണ്ടാം ഡോസ് |
|---|---|---|
| 60 വയസ്സിന് താഴെ | 10607 | 2309 |
| 60ന് മുകളിൽ | 3783 | 2093 |
| ആകെ | 14390 | 4402 |

## 1-28 തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി

| | |
|---|---|
| പ്രോജക്ടിന്റെ പേര്. | തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി |
| പ്രോജക്ട് നമ്പർ. | S0013 /21 |
| അടങ്കൽ | 100000 (വികസനഫണ്ട്)<br>100000 (തനതുഫണ്ട്)<br>ആകെ- 200000 |

| | |
|---|---|
| ചെലവ്--ബിൽനം/ തീയതി. ചെക്ക് നമ്പർ/തീയതി. | 50/21/ 19.03.21 ---100000 5200081/18.03.21--36600 ആകെ-- 136600. |
| നിർവ്വഹണം | സെക്രട്ടറി. |

പ്രോജക്ട് നം. S0013/21 പ്രകാരം പഞ്ചായത്തിലെ വിവിധ വാർഡുകളിൽ 683 തെരുവുവിളക്കുകൾ അറ്റകുറ്റപ്പണി നടത്തി പുന:സ്ഥാപിച്ചതിന് ഒരു പോസ്റ്റിന് 200 രൂപ നിരക്കിൽ 136600 രൂപ കരാറുകാരനായ പ്യാരിലാൽ, ചോതറ ഹൌസ്, കടക്കരപ്പള്ളി എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. മേൽ പ്രോജക്ടിൽ കാണപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.
തെരുവുവിളക്ക് അറ്റകുറ്റപ്പണി നടത്തിപ്പിനായി കരാറുകാരനും പഞ്ചായത്തുമായി കരാർ ചമച്ചിട്ടില്ല. പകരം കരാർ വ്യവസ്ഥകൾ രേഖപ്പെടുത്താതെയും കരാറുകാരനും പഞ്ചായത്ത് സെക്രട്ടറിയും ഒപ്പവയ്ക്കാതെയും സൂക്ഷിച്ചിട്ടുള്ള 200 രൂപയുടെ മുദ്രപ്പത്രം മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. പഞ്ചായത്തു ഡയറക്ടറുടെ ജി2/ 44274 / 2015 /17.08.15 നമ്പർ ഉത്തരവു പ്രകാരമുള്ള താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

തെരുവുവിളക്കുകൾ പ്രവർത്തനരഹിതമായതു സംബന്ധിച്ച പരാതികൾ സ്വീകരിക്കുവാൻ ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയതായി കാണുന്നില്ല. നോഡൽഓഫീസർ പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് മെയിന്റനൻസ് ടീമിനു നൽകേണ്ടതുമാണ്. പരാതി രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ, എന്നിവ പരിശോധനയ്ക്കു ഹാജരാക്കിയിട്ടില്ല. ആയതിനാൽ മെയിന്റനൻസ് രജിസ്റ്ററിൽ കരാറുകാരൻ അറ്റകുറ്റപ്പണി സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ കൃത്യത സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തിയിട്ടുണ്ടോ എന്നും മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. അറ്റകുറ്റപ്പണിയുടെ ഭാഗമായി മാറ്റിയ പ്രവർത്തനക്ഷമമല്ലാത്ത ഉപകരണങ്ങൾ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർത്തിട്ടില്ല. പ്രസ്തുത പ്രവൃത്തി ആവശ്യമുള്ള പോസ്റ്റുകളുടെ നമ്പർ രേഖപ്പെടുത്തിയിട്ടുള്ള ലിസ്റ്റുകൾ അതാതു വാർഡുകളിലെ അംഗങ്ങൾ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച പോസ്റ്റുകളുടെ വിശദാംശങ്ങൾ, പ്രവൃത്തി നടന്ന തീയതികൾ എന്നിവ അടങ്ങിയ രേഖകൾ കരാറുകാരൻ ഹാജരാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചതു സംബന്ധിച്ച് അതാതു വാർഡ് അംഗങ്ങൾ സാക്ഷ്യപ്പെടുത്തിയ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

തദ്ദേശസ്വയംഭരണവകുപ്പിന്റെ 12.03.13ലെ 65529/DC3/12 നമ്പർ ഉത്തരവു പ്രകാരം എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്നു വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. പദ്ധതി നടത്തിപ്പു സംബന്ധിച്ച മോണിട്ടറിംഗ് നടത്തേണ്ട വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയോ വർക്കിംഗ് ഗ്രൂപ്പോ ആയത് നിർവ്വഹിച്ചിട്ടില്ല. പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. ടി വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം.6/20.9.21)

ലഭ്യമാക്കിയ മറുപടിയിൽ മേൽ അപാകതകൾ ഭാവിയിൽ ഒഴിവാക്കുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ടി. പദ്ധതിനടത്തിപ്പിന്റെ നടപടിക്രമങ്ങൾ സുതാര്യമായിരിക്കേണ്ടതും തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് തദ്ദേശസ്വയംഭരണവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച രേഖകൾ പരിശോധനയ്ക്കു ഹാജരാക്കുന്നതു വരെ പ്രസ്തുത പ്രവൃത്തിക്കായി നടത്തിയ 136600 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 ആസ്തിസംരക്ഷണം

പദ്ധതിമാർഗ്ഗരേഖ സ.ഉ.(കൈ) നം.11/തസ്വഭവ തീയതി.29.01.2018 ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതുഫണ്ടും ഉപയോഗപ്പെടുത്തി റോഡ്-റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തിസംരക്ഷണപദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപനമേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിൽ നാളിതുവരെ പ്രത്യേക ആസ്തിസംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല. സ്ഥാപനത്തിലെ ആസ്തിരജിസ്റ്റർ പരിശോധനയ്ക്കു ഹാജരാക്കിയെങ്കിലും നാളിതുവരെ ആർജ്ജിച്ച ആസ്തികൾ പൂർണ്ണമായി ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തിരജിസ്റ്ററിൽ പല ഭാഗങ്ങളിലും നിർമ്മാണച്ചെലവ് ,അവസാന മെയിന്റനൻസ് വിവരങ്ങൾ,കൂട്ടിച്ചേർക്കലുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ, ആസ്തികളുടെ ഡിപ്രീസിയേഷൻ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. തദ്ദേശസ്വയംഭരണവകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി) 166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനുവൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് &മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും ആസ്തികളുടെ വാർഷികവിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും അസറ്റ് മാനേജ്മെന്റ് പ്ലാനും തയ്യാറാക്കേണ്ടതാണ്.കൂടാതെ ആസ്തികളുടെ അർദ്ധവാർഷിക, വാർഷിക റിവ്യൂകൾ എന്നിവ നടത്തേണ്ടതാണ്.എന്നാൽ ഈ നടപടിക്രമങ്ങൾ പാലിച്ചതിന്റെ യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ടി. വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/23.09.21.) ,നാളിതുവരെ പഞ്ചായത്ത് ആർജ്ജിച്ച ആസ്തികളുടെ വിവരങ്ങൾ അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് വില്ലേജ് ഓഫീസിലേയ്ക്ക് കത്ത് നൽകിയിട്ടുണ്ട് എന്നും വില്ലേജ് അധികാരികളിൽ നിന്നും വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ആസ്തിരജിസ്റ്റർ കാലികമാക്കുന്നതാണ് എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. ഇതിൽ നിന്നും ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള പ്രാരംഭനടപടികൾ പോലും നടന്നിട്ടില്ല എന്നു വ്യക്തമാകുന്നു. ആസ്തിസംരക്ഷണം എന്നത് പഞ്ചായത്തിന്റെ അനിവാര്യചുമതലകളിൽ പെടുന്നതാണ്.ആയതിനാൽ ആസ്തികളുടെ മൂല്യം, അളവ്, പ്രദേശം, ആസ്തി ആർജ്ജിച്ച കാലയളവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ സ്ഥാപനം സൂക്ഷിക്കേണ്ടതും ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതുമാണ്.

## 1-30 അനിവാര്യ ചുമതലകൾ.

ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുകയും ചെയ്യുക എന്നത് പഞ്ചായത്തുകളുടെ അനിവാര്യചുമതലകളിൽ ഒന്നാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 219A മുതൽ 219X വരെയുള്ള വകുപ്പുകൾ പ്രകാരം നൽകിയിട്ടുള്ള ചുമതലകളും അധികാരങ്ങളും ഗ്രാമപഞ്ചായത്ത് ഫലപ്രദമായി

നിർവ്വഹിക്കേണ്ടതാണ്. 14 വാർഡുകളുള്ള പഞ്ചായത്തിൽ ഒരു MCF മാത്രം താൽക്കാലികമായി പ്രവർത്തിക്കുന്നു. ഇത് പഞ്ചായത്തിലെ മാലിന്യശേഖരണം നടത്തുന്നതിന് അപര്യാപ്തമാണ്.എല്ലാ വാർഡുകളിലും MCF സ്ഥാപിക്കുകയും പഞ്ചായത്തിന്റെ മാലിന്യസംസ്കരണ ആവശ്യങ്ങൾ നിറവേറ്റുവാൻ പര്യാപ്തമായ എണ്ണം മാലിന്യസംസ്കരണപ്ലാന്റുകൾ സ്ഥാപിക്കുകയും ചെയ്യുവാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്. വീടുകളിലും വ്യാപാരസ്ഥാപനങ്ങളിലും ഉൽപ്പാദിപ്പിക്കപ്പെടുന്ന ജൈവ-അജൈവമാലിന്യങ്ങൾ വേർതിരിച്ച് സംസ്കരിക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ലെ നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഉത്തമ മാതൃകയാക്കാവുന്നത് ഉറവിടമാലിന്യസംസ്കരണമാണ്. വ്യക്തിഗതബയോഗ്യാസ് പ്ലാന്റ്, റിംഗ് കമ്പോസ്റ്റ് മുതലായവയ്ക്ക് സബ്സിഡി അനുവദിച്ചുകൊണ്ട് ഉറവിടമാലിന്യസംസ്കരണം പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്താവുന്നതാണ്. ഫലപ്രദമായ ഉറവിടമാലിന്യ സംസ്കരണമാർഗ്ഗങ്ങൾ സ്വീകരിച്ച് ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിൽ ലക്ഷ്യപ്രാപ്തി കൈവരിക്കുവാൻ സാധിച്ചാൽ പൊതുസ്ഥലങ്ങളിൽ മാലിന്യം കുന്നുകൂടുന്നത് ഒഴിവാക്കുവാൻ സാധിക്കും. സർക്കുലർ നമ്പർ ഡി.സി.1/222/20 ത.സ്വ.ഭ.വ തീയതി 10.06.20 പ്രകാരം ഹരിതകർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ് വസ്തുക്കൾ തരം തിരിച്ച് സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ക്ലീൻ കേരള കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി.മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കണക്കിലെടുത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. രോഗങ്ങൾ അനിയന്ത്രിതമായി പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ മാലിന്യനിർമ്മാർജ്ജനം എന്ന ചുമതലയെ അത് അർഹിക്കുന്ന ഗൌരവത്തോടെ വീക്ഷിക്കേണ്ടതും ജൈവ -അജൈവ മാലിന്യനിർമ്മാർജ്ജനം അതീവജാഗ്രതയോടെ പ്രാവർത്തികമാക്കേണ്ടതുമാണ്.

## 1-31 മത്സ്യതൊഴിലാളികളുട മക്കൾക്ക് ലാപ്ടോപ്പ് പദ്ധതി -അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം / പേര് | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് S0036/20 |
| അടങ്കൽ.. | 295139/ – (വികസനഫണ്ട്) |
| ചെലവ് | ബിൽ നം. 1/2020-21/16.04. 2020 - 295139 /- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ |

20-21 വർഷം ഫിഷറീസ് സബ് ഇൻസ്പെക്ടർ നടപ്പാക്കിയ മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് പദ്ധതിയിൽ ലാപ്ടോപ്പ് ഒന്നിന് 22703/- രൂപ പ്രകാരം 13 ലാപ്ടോപ്പുകൾ വാങ്ങുന്നതിനായി 295139/-രൂപ ചെലവഴിച്ചിട്ടുണ്ട്. സ.ഉ(കൈ)നം22/2018/ ത.സ്വ.ഭ.വ തിയതി 14.02.18 പ്രകാരം ബിരുദ, ബിരുദാനന്തര കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ പദ്ധതിയിൽ സർക്കാർ, എയ്ഡഡ്, സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യം അനുവദിക്കാവുന്നതാണ്. പാരലൽ കോളേജിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖകൾ ഹാജരാക്കിയതിന് ശേഷം മാത്രമേ ആനുകൂല്യം നൽകാൻ പാടുള്ളൂ. ഫിഷറീസ് സബ് ഇൻസ്പെക്ടർ നടപ്പാക്കിയ മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് നൽകൽ പദ്ധതിയിൽ ആനുകൂല്യം കൈപ്പറ്റിയ ചില വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല.

വിശദാംശം ചുവടെ ചേർക്കുന്നു

| വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സ് / സ്ഥാപനം |
|---|---|
| അനീറ്റാ കെ വി | നേഴ്സിംഗ്, ശ്രീ സായി കോളേജ് ഓഫ് നേഴ്സിംഗ് വിജയവാഡ |
| സ്നേഹ കെ എ | എം എസ് ഡബ്ളിയു<br>സ്കൂൾ ഓഫ് സോഷ്യൽ വർക്ക് |
| സോന പയസ് | സോഫിയ കോളേജ് ഓഫ് എഞ്ചിനീയറിംഗ് |
| ശീതൾ | ബികോം<br>UTDM അക്കാഡമി ചേർത്തല |

ഈ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (27/24.8.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ആകയാൽ രേഖകളുടെ അഭാവത്തിൽ മേൽ പറഞ്ഞ 4 വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങുന്നതിനായി ചെലവഴിച്ച 90812/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-32 പാലിയേറ്റീവ് കെയർ പദ്ധതി - മരുന്നുകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം / പേര് | പാലിയേറ്റീവ് കെയർ<br>S0045/21 |
| അടങ്കൽ.. | 671400 -(വികസനഫണ്ട്)<br>300000 /- ( ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ് | ബിൽ നം. 23/2020-21/17.03. 2021 -<br>196864 /- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി എച്ച് സി |

പാലിയേറ്റീവ് കെയർ പ്രൊജക്റ്റ് പ്രകാരം മരുന്നും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിനായി 196864/-രൂപ കേരളാമെഡിക്കൽ സർവ്വീസ്സ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. 156363/- രൂപയുടെ മരുന്നും,40501/- രൂപയ്ക്ക് ഉപകരണങ്ങളും വാങ്ങുന്നതിനായിട്ടാണ് തുക കൈമാറിയത്. KMSCL ന്റെ PRF 5515/18.2.21 ഇൻവോയ്സ് പ്രകാരമുള്ള വാങ്ങലുകൾക്കായിട്ടാണ് 40501/- രൂപ നൽകിയത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| Name Of Drugs | Quantity | Rate | Cgst | Sgst | Total |
|---|---|---|---|---|---|
| Foly Catheter-14 (Rusch) | 50 | 52.90 | 158.70 | 158.70 | 2962.4 |
| Foly Catheter-16 (Rusch) | 25 | 52.90 | 79.35 | 79.35 | 1481.2 |
| Foly Catheter -18 (Rusch) | 25 | 52.90 | 79.35 | 79.35 | 1481.20 |
| Urinecollection Bag(Standard-Ultraone) | 500 | 15.40 | 192.5 | 192.5 | 8085 |
| Syringe 10ml )Hindustan) | 200 | 4 | 48 | 48 | 896 |
| Syringe 5ml )Hindustan) | 100 | 2.91 | 17.46 | 17.46 | 325.92 |
| N95 Mask(Aero2-Aerofil Filters) | 100 | 42.86 | 107.15 | 107.15 | 4500 .3 |
| Facemask 3L( HYGie) | 100 | 7.28 | 18.20 | 18.20 | 764.4 |
| Face Shield(Flexi Band) | 5 | 12.71 | 5.72 | 5.72 | 74.99 |
| Gloves Sterile -6.5 (Age) | 1000 | 10.63 | 637.8 | 637.8 | 11905.6 |
| Gloves Non Sterile-7 (Age) | 500 | 10.63 | 318.90 | 318.90 | 5952.80 |
| | Tottal | | | | 35103.55 |
| | Handling Charges 5% | | | | 1755.18 |
| | Handling Charges Gst 18% | | | | 315.93 |
| | GST Tottal | | | | 3326.26 |
| | Grand Tottal | | | | 40501 |

മരുന്നും ഉപകരണങ്ങളും ലഭ്യമായിട്ടുണ്ടോ എന്ന ഓഡിറ്റ് അന്വേഷണത്തിന് (28/24.09.21) മറുപടി ലഭ്യമാക്കിയില്ല. KMSCL നിന്നും മരുന്നും ഉപകരണങ്ങളും ലഭ്യമാകാത്ത സാഹചര്യത്തിൽ 196864/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2. പാലിയേറ്റീവ് കെയർ പ്രൊജക്റ്റ് പ്രകാരം 58975/- രൂപ കേരളാമെഡിക്കൽ സർവ്വീസ്സ് കോർപ്പറേഷന് നൽകിയെങ്കിലും 27588/- രൂപയുടെ മരുന്നുകൾ ലഭിച്ചതിന്റെ രേഖകളാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ബാക്കിയുള്ള 31387/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല .ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (28/24.09.21) മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ തുക തടസ്സപ്പെടുത്തുന്നു.

## 1-33 കന്നുകുട്ടി പരിപാലനം (ജനറൽ)-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ് നം / പേര് | കന്ന് കുട്ടി പരിപാലനം പദ്ധതി |

| | |
|---|---|
| | S0038/21 |
| അടങ്കൽ.. | 312500/– (വികസനഫണ്ട്)<br>312500/–(ഗുണഭോക്തൃവിഹിതം) |
| ചെലവ് | ബിൽ നം. 4/2020-21/25.01. 2021 -<br>312500/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജ്ജൻ |

2020-21 വർഷം കന്ന് കുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ഗുണഭോക്താവിന്റെ ഒരു കന്ന് കുട്ടിയുടെ സബ്സിഡിയായി 12500/- രൂപ വീതം ആകെ 25ഗുണഭോക്താക്കളുടെ കന്ന് കുട്ടി പരിപാലനത്തിനായി 312500/- രൂപ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരമുള്ള കാലിത്തീറ്റ വിതരണം പൂർത്തിയായതിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (27.09.21) മറുപടിയിൽ കാലിത്തീറ്റ വിതരണം പൂർത്തിയായില്ലെന്നും വിതരണം പൂർത്തികരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തുക 312500/- തടസ്സപ്പെടുത്തുന്നു.

## 1-34 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - 80mm Thick Cc Paver Block പാകുന്നതിനായി അധിക നിരക്ക് നൽകിവരുന്നു

CPWD 16.91.2 സ്പെസിഫിക്കേഷൻ പ്രകാരം 80mm Thick Cc Paver Block പാകുന്നതിനായി 1 M3 ന് 638.95/M2 ഉം കോസ്റ്റ് ഇൻഡക്സ് 48.71% ഉൾപ്പെടെ 950.18 /M3 ആണ് അനുവദിക്കാവുന്ന നിരക്ക് എന്നിരിക്കെ ചുവടെ ചേർക്കുന്ന പ്രവൃത്തികൾക്ക് 80mm Thick Cc Paver Block പാകുന്നതിനായി 1 M3 ന് 1306.15/- അനുവദിച്ചിട്ടുണ്ട്.

വിശദാംശം ചുവടെ ചേർക്കുന്നു

| പ്രവൃത്തിയുടെ പേര് | എം ബുക്ക് നമ്പർ | 80mm Thick Cc Paver Block പാകിയ ഏരിയ | 1306.15/M3 നിരക്കിൽ അനുവദിച്ച തുക | 950.18/M3 നിരക്കിൽ അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|---|---|
| W 4 അംഗനവാടി നടപ്പാത നിർമ്മാണം | 276/20-21 | 235.74 M2 | 307912/- | 223995/- | 83917/- |
| പാല്യത്തുകരിയിൽ നടപ്പാത നിർമ്മാണം | 193/20-21 | 225. 92 M2 | 295085/- | 214665/- | 80420/- |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (16/23.09.21) ലഭ്യമാക്കിയ മറുപടിയിൽ സെക്യൂർ എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത് എന്നാണ് അറിയിച്ചത്. മേൽ സൂചിപ്പിച്ച കണക്കുകളിൽ നിന്നും സെക്യൂർ സോഫ്റ്റ്വെയർ പ്രകാരം ഉയർന്ന നിരക്കാണ് നൽകിയിട്ടുള്ളത്. നിരക്കുകൾ തമ്മിലുള്ള വൈരുദ്ധ്യം പരിശോധിക്കുന്നതിനായി മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-35 മരുന്നുകൾ ലഭ്യമായിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു

1) ആയുർവ്വേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ

| | |
|---|---|
| പ്രോജക്ട് നം / പേര് | ആയുർവ്വേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ<br>S0037/21 |
| അടങ്കൽ | 700000/– (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | ബിൽ നം.12/2020-21/21.01. 2021 -<br>700000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |

ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം 700,000/- രൂപ ഔഷധിക്ക് നൽകിയെങ്കിലും 568642/- രൂപയുടെ മരുന്നുകൾ ലഭിച്ചതിന്റെ രേഖകളാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ബാക്കിയുള്ള 131358/- രൂപയുടെ മരുന്നുകൾ ലഭിച്ചതിന്റെ വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/18.09.21) മരുന്നുകൾ ലഭ്യമായിട്ടില്ല എന്നാണ് മറുപടി നൽകിയത്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. 131358/- രൂപ തടസ്സപ്പെടുത്തുന്നു.

2.സമഗ്ര ആരോഗ്യപരിപാലനം - വയോജനങ്ങൾക്ക് ഹോമിയോ മരുന്നവാങ്ങൽ

| | |
|---|---|
| പ്രോജക്റ്റ് നം / പേര് | സമഗ്ര ആരോഗ്യപരിപാലനം - വയോജനങ്ങൾക്ക് ഹോമിയോ മരുന്നവാങ്ങൽ<br>S0040/21 |
| അടങ്കൽ.. | 52270/ – ( വികസനഫണ്ട് )<br>47730 -(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | ബിൽ നം.14/2020-21/21.01. 2021 -<br>47730 /-<br>15/2020-21/20.01. 2021 -<br>52270/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |

സമഗ്ര ആരോഗ്യപരിപാലനം - വയോജനങ്ങൾക്ക് മരുന്നവാങ്ങൽ എന്ന പ്രോജക്ട് പ്രകാരം 100000/- രൂപ ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട് , ഫയൽ പരിശോധനയിൽ 46383 - രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. മരുന്നുകൾ ലഭ്യമായതിന്റെ വിശദാംശം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മരുന്നുകൾ ലഭിച്ചിട്ടില്ല എന്നാണ് അറിയിച്ചത്. 53617/- രൂപയുടെ മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയവ സ്റ്റോക്കിലെടുത്ത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. 53617/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-36 പനച്ചിക്കൽ ഇത്താപറമ്പ് റോഡ് മെറ്റലിംഗ് ടാറിംഗ്

പ്രോജക്ട് നമ്പർ - എസ്.0188/21, പപ്പു പറമ്പ് തോട് ശുചീകരണം

അടങ്കൽ- 404046/- ധനകാര്യകമ്മീഷൻ ഗ്രാന്റ് , കരാറുകാരൻ - ശ്രീ.അജീഷ്,

ഈ പ്രവൃത്തിയുടെ രണ്ടാമിനമായി കൺസ്ട്രക്ഷൻ ഓഫ് എർത്തേൺ സബ്ഗ്രേഡ് താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

20x3x0.4 =24

30x3x0.35=31.5

25x3x0.35=26.25 ആകെ 81.75m$^3$ കൂടാതെ സൈഡ് ഫില്ലിംഗ്

2x20x0.53x0.1 =1.4

2x30x0.3x0.1=1.8

2x25x0.3x0.1=1.5 ആകെ 4.7m$^3$' ഫില്ല് ചെയ്യുകയും 10% കുറവ് ചെയ്ത് ആകെ 77.81m3ന് മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്. കൂടാതെ മൂന്നാമിനമായി പ്രൊവൈഡിംഗ് ആന്റ് ലെയിംഗ് RCC NP2 ക്ലാസ് പൈപ്പ് (600mm ), (2x2.5m ) = 5m ഇട്ടിട്ടുണ്ട്. രണ്ടാമിനം പ്രവൃത്തിയിൽ നിന്നും പൈപ്പിന്റെ അളവ് കുറവ് ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/24.9.21) ലഭ്യമാക്കിയ മറുപടിയിൽ തോടിന്റെ പോർഷൻ ആയതുകൊണ്ടാണ് രണ്ടാമിനം പ്രവൃത്തിയുടെ അളവ് കുറവ് ചെയ്യാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. മറുപടി അംഗീകരിക്കാവുന്നതാണെങ്കിലും പ്രസ്തുത പ്രവൃത്തി തോട് പോർഷൻ ഉൾപ്പെടുന്നതാണെന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിലോ അളവ് പുസ്തകത്തിലോ രേഖപ്പെടുത്തിയിട്ടില്ല. ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ ആവശ്യമായ സാക്ഷ്യപത്രങ്ങൾ എഴുതി സൂക്ഷിക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതാണ്.

## 1-37 അംഗനവാടികൾക്ക് പാത്രങ്ങളും ഉപകരണങ്ങളും വാങ്ങൽ - അപാകതകൾ

2020-21 സാമ്പത്തിക വർഷം മെയിന്റനൻസ് ഫണ്ടിൽ (നോൺ റോഡ്) നിന്നും 99940/- രൂപ വകയിരുത്തി ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം ചെയ്യ അംഗനവാടികൾക്ക് പാചകത്തിനാവശ്യമായ പാത്രങ്ങളും ഉപകരണങ്ങളും വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം (പ്രോജക്ട് നം-S0024/21) , 19 അംഗനവാടികൾക്കായി Thampurankalayil Trade Links , Pathanamthitta യിൽ നിന്നും 19.01.21ലെ TTL-6518/20-21പ്രകാരം സാധനങ്ങൾ വാങ്ങിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Sl No | Item | GST | Qty(No) | Rate | Amount |
|---|---|---|---|---|---|
| 1 | Pressure Cooker | 12% | 19 | 2910.71 | 55303.49 |
| 2 | Idli Maker | 12% | 19 | 436.61 | 8295.59 |
| 3 | Steel Plate | 12% | 200 | 49.11 | 9822 |
| 4 | Steel Glass | 12% | 300 | 12.50 | 3750 |
| 5 | Steel Spoon | 12% | 200 | 5.36 | 1072 |
| 6 | Steel Charuvam Small | 12% | 19 | 200.89 | 3816.91 |
| 7 | Steel Charuvam Big | 12% | 19 | 349.11 | 6633.09 |
| 8 | Steel Thavi | 12% | 19 | 25 | 475 |
| TOTAL | | | | | 89168.08 |
| SGST | | | | | 5350.09 |
| CGST | | | | | 5350.09 |
| GRAND TOTAL | | | | | 99868 |

<u>ചെലവ്</u> - ബിൽ നം.9/20-21/6.2.21/തുക.99868/-

തമ്പുരാൻകാലായിൽ ട്രേഡ് ലിങ്ക്സ്, പത്തനംതിട്ടയും , അഫ്സൽ മെറ്റൽസ്, ആലപ്പുഴയും സമർപ്പിച്ച ക്വട്ടേഷൻ ടാബുലേറ്റ് ചെയ്ത് നിർവ്വഹണ ഉദ്യോഗസ്ഥ സമർപ്പിച്ചതിന്റെ വിവരം താഴെ കൊടുക്കുന്നു. ആയത് 27.7.20ലെ പഞ്ചായത്ത് കമ്മറ്റി 6(III) നം. തീരുമാനപ്രകാരം അംഗീകരിച്ചു.

| Sl No | Item | Thampurankalayil | Afsal Metals |
|---|---|---|---|
| 1 | Pressure Cooker | 1869 | 1740 |
| 2 | Idli Maker | 489 | 480 |
| 3 | Steel Plate | 55 | 94 |
| 4 | Steel Glass | 14 | 28 |
| 5 | Steel Spoon | 6 | 9 |
| 6 | Steel Charuvam Small | 225 | 380 |
| 7 | Steel Charuvam Big | 391 | 480 |
| 8 | Steel Thavi | 28 | 90 |
| TOTAL | | 3077 | 3301 |

അഫ്സൽ മെറ്റൽസ് ,ആലപ്പുഴ സമർപ്പിച്ചതിനേക്കാൾ കുറവുള്ള തമ്പുരാൻകാലായിൽ സമർപ്പിച്ച നിരക്കുകൾ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചു.

<u>അപാകത</u>

അംഗീകരിച്ചുനൽകിയതിനേക്കാൾ കൂടിയ നിരക്കിലാണ് തമ്പുരാൻകാലായിൽ പ്രഷർകുക്കർ നൽകിയത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | അംഗീകരിച്ച നിരക്ക് | നൽകിയ നിരക്ക് | | |
|---|---|---|---|---|---|
| | | | നിരക്ക് | ജി.എസ്.ടി (12%) | ആകെ |
| 1 | Pressure Cooker | 1869 | 2910.71 | 349.29 | 3260 |
| 2 | Idli Maker | 489 | 436.61 | 52.39 | 489 |
| 3 | Steel Plate | 55 | 49.11 | 5.89 | 55 |
| 4 | Steel Glass | 14 | 12.50 | 1.5 | 14 |
| 5 | Steel Spoon | 6 | 5.36 | 0.64 | 6 |
| 6 | Steel Charuvam Small | 225 | 200.89 | 24.11 | 225 |
| 7 | Steel Charuvam Big | 391 | 349.11 | 41.89 | 391 |
| 8 | Steel Thavi | 28 | 25 | 3 | 28 |
| TOTAL | | 3077 | 3989.29 | 478.71 | 4468 |

8 ഇനം പാത്രങ്ങൾക്കായി ടാക്സ് ഉൾപ്പടെ അംഗീകരിച്ചുനൽകിയത് 3077/-രൂപ. എന്നാൽ ചെലവഴിച്ചത് 4468/-രൂപ. 1869 രൂപ നിരക്കിൽ പ്രഷർകുക്കർ വാങ്ങുന്നതിന് അംഗീകാരം ലഭിക്കുകയും, എന്നാൽ 3260 രൂപ നിരക്കിൽ 19 പ്രഷർകുക്കർ വാങ്ങുകയും ചെയ്തതുമൂലം ഉണ്ടായ അധികചെലവ് ചുവടെ കൊടുക്കുന്നു.

| 1869രൂപ നിരക്കിൽ 19 എണ്ണത്തിന്റെ വില | 3260രൂപ നിരക്കിൽ 19 എണ്ണത്തിന്റെ വില | അധികചെലവ് |
|---|---|---|
| 35511 | 61940 | 26429 |

26429/- രൂപ അധികചെലവ് ഉണ്ടായതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എന്ക്വയറിക്ക് (നം.31/24/9/21) , പ്രോജക്റ്റിന്റെ ടെണ്ടർ പരസ്യം നൽകൽ, പഞ്ചായത്ത് കമ്മറ്റി അംഗീകാരം ലഭിക്കൽ, സപ്ളൈ ഓർഡർ നൽകൽ തുടങ്ങിയ സമയത്ത് അപർണ്ണ.എ ആയിരുന്നു ഐ.സി.ഡി.എസ്.സൂപ്പർവൈസർ. പാത്രങ്ങൾ വാങ്ങുന്നതിനുള്ള സപ്ളൈ ഓർഡർ 4.11.2020 ൽ തന്നെ അപർണ്ണ.എ നൽകിയിരുന്നു. പ്രോജക്റ്റിന്റെ നടപടിക്രമങ്ങൾ എല്ലാം പൂർത്തിയായിരുന്നതിനാലാണ് ബില്ല് മാറി നൽകിയത് എന്ന് 12.11.20 ൽ ചാർജെടുത്ത മോനിഷ.എസ്, ഐ.സി.ഡി.എസ്.സൂപ്പർവൈസർ മറുപടി ലഭ്യമാക്കി. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചുനൽകിയതിൽ നിന്നും അധിക നിരക്കിൽ 19 പ്രഷർകുക്കറുകൾക്ക് സപ്ളൈ ഓർഡർ (സപ്ളൈ ഓർഡർ നം.01/20-21 തീ.04/11/2020) നൽകി, വാങ്ങിയതുമൂലം ഉണ്ടായ അധികചെലവ് 26429/- രൂപ അപർണ്ണ.എസ്, ഐ.സി.ഡി.എസ്.സൂപ്പർവൈസറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-38 കാലിവീപ്പയുടെ വിലയും ജി.എസ്.ടി.യും തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും ഈടാക്കിയിട്ടുണ്ടെങ്കിലും ആയത് തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുകയാണ്. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ്/ പേര് | ഫണ്ടിനം | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 281രൂപ നിരക്കിൽ ഈടാക്കിയ തുക |
|---|---|---|---|---|
| 1 | 62/20ടീച്ചേഴ്സ് ലൈൻ റോഡ് മെയിന്റനൻസ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 10 ബാരൽ | 2810 |
| 2 | 132/20 കണ്ണനോടത്ത് റോഡ് ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 6 ബാരൽ | 1686 |
| 3 | 120/20 ബീച്ച് റോഡ് റീടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 6 ബാരൽ | 1686 |
| 4 | 63/20 പനച്ചിക്കൽ ഇത്താംപറമ്പ് റോഡ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 6 ബാരൽ | 1686 |
| 5 | 72/20 പവർഹൗസ് ഒറ്റപ്പുന്ന റോഡ് ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 18ബാരൽ | 5058 |
| 6 | 79/20 മറ്റത്തിൽ പൊഴിച്ചാൽ റോഡ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 15 ബാരൽ | 4215 |

ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതുപോലെ തൻവർഷവും ഇതിന് മുമ്പുള്ള വർഷങ്ങളിലും കാലിവീപ്പയുടെ വിലയിനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്ത് തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുക കണക്കാക്കി ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് തിരികെ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/23.9.21) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത തുകകൾ ഇനം തിരിച്ച് ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## 3-1 ബോൺമീൽ - അധികം ചെലവഴിച്ച തുക തിരികെ ഈടാക്കേണ്ടതാണ്

2020-21 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവ്വഹണം ചെയ്ത തെങ്ങ്കൃഷി വികസനം(വളം) എന്ന പ്രോജക്ടിലെ (പ്രോജക്ട് നം-S0151/21) വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

വകയിരുത്തൽ

വികസന ഫണ്ട്(പൊതുവിഭാഗം) - 99940/- ഗുണഭോക്തൃവിഹിതം (സ്ഥാപനത്തിൽ അടക്കുന്നത്)- 99940/-

ആകെ അടങ്കൽ - 199880/-

ചെലവ്

1) ബിൽ നം.5/20-21/22.1.21/തുക.57000/- 2) ബിൽ നം.9/20-21/24.2.21/തുക.33554/-

3) ബിൽ നം.14/20-21/24.2.21/തുക.9386/- 4)ചെക്ക് നം.2921572/17.2.21/ തുക.57000/-

5) ചെക്ക് നം.2921572/17.2.21/ തുക.33554/-6) ചെക്ക് നം.2921577/18.2321/ തുക.9386/-

2630 തെങ്ങുകൾക്ക് 2കി.ഗ്രാം വീതം 5260കി.ഗ്രാം ബോൺമീൽ വാങ്ങി കർഷകർക്ക് വിതരണം ചെയ്യുകയാണ് അംഗീകരിച്ച പ്രോജക്ടിന്റെ ലക്ഷ്യം.

KAICO,District Office, Alappuzha യിൽ നിന്നും ബോൺ മീൽ വാങ്ങിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Invoice No/Date | Item | Rate | Qty(Kg) | Amount |
|---|---|---|---|---|
| AMB/172/20-21/20.01.21 | Bone Meal | 38 | 3000 | 114000 |
| AMB/192/20-21/2.02.21 | Bone Meal | 38 | 1766 | 67108 |
| AMB/217/20-21/10.02.21 | Bone Meal | 38 | 494 | 18772 |
| Total | | | 5260 | 199880 |

അപാകത

പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017-22) ജില്ലാതല യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് ആലപ്പുഴ ജില്ലാ കളക്ടറുടെ 3.4.18 ലെ 2895/18/ഡി.പി.സി/ഡി.പി.ഒ/എ.എൽ.പി നം. ഉത്തരവ് പ്രകാരം ബോൺ മീൽ 1 കിലോഗ്രാമിന്റെ വില 35 രൂപയാണ്. എന്നാൽ 38/-രൂപ നിരക്കിൽ 5260 കി.ഗ്രാം ബോൺ മീൽ വാങ്ങി വിതരണം ചെയ്തതുവഴി ഉണ്ടായ അധികചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | കെയ് കോ യിൽ നിന്നും വാങ്ങിയതിന്റെ വിവരം | | | യൂണിറ്റ് കോസ്റ്റ് പ്രകാരം വാങ്ങാവുന്ന നിരക്ക് | | അധികം ചെലവഴിച്ചത് |
|---|---|---|---|---|---|---|
| | അളവ് (കി.ഗ്രാം) | നിരക്ക് | തുക | നിരക്ക് | തുക | |
| ബോൺമീൽ | 5260 | 38 | 199880 | 35 | 184100 | 15780 |
| ആകെ (അധികം ചെലവഴിച്ചത്) | | | | | | 15780 |

15780/- രൂപ അധികം ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/20.9.21), അധികം ഈടാക്കിയ 15780/- രൂപ KAICO തിരിച്ചടയ്ക്കാമെന്ന് ഉറപ്പ് നൽകിയതായി കൃഷി ഓഫീസർ മറുപടി ലഭ്യമാക്കി. തുക ഈടാക്കി ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 3-2 വനിതാ ഗ്രൂപ്പുകൾക്ക് കിഴങ്ങ് വർഗ കൃഷി - അപാകതകൾ

2020-21 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവ്വഹണം ചെയ്ത സുഭിക്ഷകേരളം- വനിതാ ഗ്രൂപ്പുകൾക്ക് കിഴങ്ങ് വർഗ കൃഷി എന്ന പ്രോജക്ടിലെ (പ്രോജക്ട് നം-S0152/21) വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

വകയിരുത്തൽ

വികസന ഫണ്ട്(പൊതുവിഭാഗം) - 316800/- ഗുണഭോക്തൃവിഹിതം (സ്ഥാപനത്തിൽ അടക്കുന്നത്)- 60800/-

ആകെ അടങ്കൽ - 377600/-

ചെലവ്

1) ബിൽ നം.10/20-21/24.2.21/തുക.214500/- 2) ബിൽ നം.15/20-21/24.2.21/തുക.98300/-

3)ചെക്ക് നം. 2921577/ 18.3.21/ തുക.60800/-

KAICO,District Office, Alappuzha യിൽ നിന്നും ബോൺ മീൽ വാങ്ങിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Invoice No/Date | Item | Rate | Qty(Kg) | Amount |
|---|---|---|---|---|
| AMB/193/20-21/2.02.21 | Bone Meal | 38 | 3000 | 114000 |
| AMB/215/20-21/10.02.21 | Bone Meal | 38 | 200 | 7600 |
| Total | | | 3200 | 121600 |

അപാകത

പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017-22) ജില്ലാതല യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് ആലപ്പുഴ ജില്ലാ കളക്ടറുടെ 3.4.18 ലെ 2895/18/ഡി.പി.സി/ഡി.പി.ഒ/എ.എൽ.പി നം. ഉത്തരവ് പ്രകാരം ബോൺ മീൽ 1 കിലോഗ്രാമിന്റെ വില 35 രൂപയാണ്. എന്നാൽ 38/-രൂപ നിരക്കിൽ 3200 കി.ഗ്രാം ബോൺ മീൽ വാങ്ങി വനിതാ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്തതുവഴി ഉണ്ടായ അധികചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | കെയ്കോയിൽ നിന്നും വാങ്ങിയ നിരക്ക് | | | യൂണിറ്റ് കോസ്റ്റ് പ്രകാരം വാങ്ങാവുന്ന നിരക്ക് | | അധികം ചെലവഴിച്ചത് |
|---|---|---|---|---|---|---|
| | അളവ് (കി.ഗ്രാം) | നിരക്ക് | തുക | നിരക്ക് | തുക | |
| ബോൺമീൽ | 3200 | 38 | 121600 | 35 | 112000 | 9600 |
| ആകെ (അധികം ചെലവഴിച്ചത്) | | | | | | 9600 |

9600/- രൂപ അധികം ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.10/22/9/21), കെയ്കോ തുക തിരികെ അടവാക്കാമെന്ന് അറിയിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. അധികം ചെലവഴിച്ച 9600/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-3 അംഗനവാടികൾക്ക് പാത്രങ്ങളും ഉപകരണങ്ങളും വാങ്ങൽ - അപാകതകൾ

2020-21 സാമ്പത്തിക വർഷം മെയിന്റനൻസ് ഫണ്ടിൽ (നോൺ റോഡ്) നിന്നും 99940/- രൂപ വകയിരുത്തി ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം ചെയ്ത അംഗനവാടികൾക്ക് പാചകത്തിനാവശ്യമായ പാത്രങ്ങളും ഉപകരണങ്ങളും വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം (പ്രോജക്ട് നം-S0024/21) , 19 അംഗനവാടികൾക്കായി Thampurankalayil Trade Links , Pathanamthitta യിൽ നിന്നും 19.01.21ലെ TTL-6518/20-21പ്രകാരം സാധനങ്ങൾ വാങ്ങിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Sl No | Item | GST | Qty(No) | Rate | Amount |
|---|---|---|---|---|---|
| 1 | Pressure Cooker | 12% | 19 | 2910.71 | 55303.49 |
| 2 | Idli Maker | 12% | 19 | 436.61 | 8295.59 |
| 3 | Steel Plate | 12% | 200 | 49.11 | 9822 |
| 4 | Steel Glass | 12% | 300 | 12.50 | 3750 |
| 5 | Steel Spoon | 12% | 200 | 5.36 | 1072 |
| 6 | Steel Charuvam Small | 12% | 19 | 200.89 | 3816.91 |
| 7 | Steel Charuvam Big | 12% | 19 | 349.11 | 6633.09 |
| 8 | Steel Thavi | 12% | 19 | 25 | 475 |
| TOTAL | | | | | 89168.08 |
| SGST | | | | | 5350.09 |
| CGST | | | | | 5350.09 |
| GRAND TOTAL | | | | | 99868 |

ചെലവ് - ബിൽ നം.9/20-21/6.2.21/തുക.99868/-

തമ്പുരാൻകാലായിൽ ട്രേഡ് ലിങ്ക്സ്, പത്തനംതിട്ടയും , അഫ്സൽ മെറ്റൽസ്, ആലപ്പുഴയും സമർപ്പിച്ച ക്വട്ടേഷൻ ടാബുലേറ്റ് ചെയ്ത് നിർവ്വഹണ ഉദ്യോഗസ്ഥ സമർപ്പിച്ചതിന്റെ വിവരം താഴെ കൊടുക്കുന്നു. ആയത് 27.7.20ലെ പഞ്ചായത്ത് കമ്മറ്റി 6(III) നം. തീരുമാനപ്രകാരം അംഗീകരിച്ചു.

| Sl No | Item | Thampurankalayil | Afsal Metals |
|---|---|---|---|
| 1 | Pressure Cooker | 1869 | 1740 |
| 2 | Idli Maker | 489 | 480 |
| 3 | Steel Plate | 55 | 94 |
| 4 | Steel Glass | 14 | 28 |
| 5 | Steel Spoon | 6 | 9 |
| 6 | Steel Charuvam Small | 225 | 380 |
| 7 | Steel Charuvam Big | 391 | 480 |
| 8 | Steel Thavi | 28 | 90 |
| TOTAL | | 3077 | 3301 |

അഫ്സൽ മെറ്റൽസ് ,ആലപ്പുഴ സമർപ്പിച്ചതിനേക്കാൾ കുറവുള്ള തമ്പുരാൻകാലായിൽ സമർപ്പിച്ച നിരക്കുകൾ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചു.

അപാകത

അംഗീകരിച്ചുനൽകിയതിനേക്കാൾ കൂടിയ നിരക്കിലാണ് തമ്പുരാൻകാലായിൽ പ്രഷർകുക്കർ നൽകിയത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | അംഗീകരിച്ച നിരക്ക് | നൽകിയ നിരക്ക് | | |
|---|---|---|---|---|---|
| | | | നിരക്ക് | ജി.എസ്.ടി (12%) | ആകെ |
| 1 | Pressure Cooker | 1869 | 2910.71 | 349.29 | 3260 |
| 2 | Idli Maker | 489 | 436.61 | 52.39 | 489 |
| 3 | Steel Plate | 55 | 49.11 | 5.89 | 55 |
| 4 | Steel Glass | 14 | 12.50 | 1.5 | 14 |
| 5 | Steel Spoon | 6 | 5.36 | 0.64 | 6 |
| 6 | Steel Charuvam Small | 225 | 200.89 | 24.11 | 225 |
| 7 | Steel Charuvam Big | 391 | 349.11 | 41.89 | 391 |
| 8 | Steel Thavi | 28 | 25 | 3 | 28 |
| TOTAL | | 3077 | 3989.29 | 478.71 | 4468 |

8 ഇനം പാത്രങ്ങൾക്കായി ടാക്സ് ഉൾപ്പടെ അംഗീകരിച്ചുനൽകിയത് 3077/-രൂപ. എന്നാൽ ചെലവഴിച്ചത് 4468/-രൂപ. 1869 രൂപ നിരക്കിൽ പ്രഷർകുക്കർ വാങ്ങുന്നതിന് അംഗീകാരം ലഭിക്കുകയും, എന്നാൽ 3260 രൂപ നിരക്കിൽ 19 പ്രഷർകുക്കർ വാങ്ങുകയും ചെയ്തുമൂലം ഉണ്ടായ അധികചെലവ് ചുവടെ കൊടുക്കുന്നു.

| 1869രൂപ നിരക്കിൽ 19 എണ്ണത്തിന്റെ വില | 3260രൂപ നിരക്കിൽ 19 എണ്ണത്തിന്റെ വില | അധികചെലവ് |
|---|---|---|
| 35511 | 61940 | 26429 |

26429/- രൂപ അധികചെലവ് ഉണ്ടായതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എന്ക്വയറിക്ക് (നം.31/24/9/21) , പ്രോജക്ടിന്റെ ടെണ്ടർ പരസ്യം നൽകൽ, പഞ്ചായത്ത് കമ്മറ്റി അംഗീകാരം ലഭിക്കൽ, സപ്ളൈ ഓർഡർ നൽകൽ തുടങ്ങിയ സമയത്ത് അപർണ്ണ.എ ആയിരുന്നു ഐ.സി.ഡി.എസ്.സൂപ്പർവൈസർ. പാത്രങ്ങൾ വാങ്ങുന്നതിനുള്ള സപ്ളൈ ഓർഡർ 4.11.2020 ൽ തന്നെ അപർണ്ണ.എ നൽകിയിരുന്നു. പ്രോജക്ടിന്റെ നടപടിക്രമങ്ങൾ എല്ലാം പൂർത്തിയായിരുന്നതിനാലാണ് ബില്ല് മാറി നൽകിയത് എന്ന് 12.11.20 ൽ ചാർജെടുത്ത മോനിഷ.എസ്, ഐ.സി.ഡി.എസ്.സൂപ്പർവൈസർ മറുപടി ലഭ്യമാക്കി. പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചുനൽകിയതിൽ നിന്നും അധിക നിരക്കിൽ 19 പ്രഷർകുക്കറുകൾക്ക് സപ്ളൈ ഓർഡർ (സപ്ളൈ ഓർഡർ നം.01/20-21 തീ.04/11/2020) നൽകി, വാങ്ങിയതുമൂലം ഉണ്ടായ അധികചെലവ് 26429/- രൂപ അപർണ്ണ.എസ്, ഐ.സി.ഡി.എസ്.സൂപ്പർവൈസറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷിക കണക്കു പരിശോധനയിൽ കാണപ്പെട്ട വിഷയങ്ങൾ.

1. വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല . ബുക്ക് അഡ്ജസ്റ്റ്മെന്റുകൾ പ്രകാരം വരവായി ഉൾപ്പെടുത്തിയ തുക ഏതൊക്കെ കെട്ടിടങ്ങളുടെ വസ്തു നികുതിയാണെന്നത് സംബന്ധിച്ച വിശദവിവരങ്ങൾ നിലവിൽ സാംഖ്യയിൽ നിന്നും ലഭ്യമാകുന്നില്ല. അഡ്വാൻസ് ആയി സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളുടെ വിവരങ്ങൾ ലിസ്റ്റ് ഔട്ട് ചെയ്തു ലഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിന് ഐ.കെ.എമ്മിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായിട്ടില്ല.

3. ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-18 പ്രകാരം Prior Period Income-Property Tax Residential Buildings, Prior Period Income-Property Tax Non Residential Buildings എന്നീ ഇനത്തിലുള്ള തുകകളുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4. 2019-20 മുതലുള്ള വാർഷിക ധനകാര്യ പത്രികകളിലെ B15 ഷെഡ്യൾ പ്രകാരം റിസീവബിൾസ് ടുവേർഡ്സ് സ്ലോട്ടർ ഹൌസ് റെസീപ്റ്റ്സ് എന്ന ഇനത്തിൽ 37505 രൂപ ബാലൻസ് നില്ക്കുന്നതായി കാണുന്നു. തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. വികസനഫണ്ടിൽ നിന്നും ഉറവിടത്തിൽ കുറവ് ചെയ്യുന്ന തുകകൾ നിലവിലെ രീതി പ്രകാരം അപ്രോപ്രിയേഷൻ

കണ്ട്രോൾ രജിസ്റ്ററിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ ഓരോ ഗ്രാന്റിനത്തിലേയും ആകെ വരവ് അപ്രോപ്രിയേഷൻ കണ്ട്രോൾ രജിസ്റ്ററിൽ നിന്നും ലഭ്യമാകുന്നില്ല. പ്രസ്തുത വിവരം ഉൾപ്പെടുത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ വരുത്തുന്നതിന് ഐ.കെ.എം-ന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 250000 | ലൈഫ് പദ്ധതി ജനറൽ | 250000 | 00 |
| | 2020-21 | 200000 | ഭൂരഹിതർക്കുള്ള ഭവന പദ്ധതി | 200000 | 00 |
| | 2020-21 | 100000 | അംഗനവാടി പോഷകാഹാരം | 100000 | 00 |
| | 2020-21 | 199900 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 199900 | 00 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 200000 | എസ്.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി | 200000 | 00 |
| | 2020-21 | 51000 | നെല്ലൽപാദക ബോണസ് | 51000 | 00 |
| | 2020-21 | 250000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 250000 | 00 |

മുൻവർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ നാളിതുവരെ ചെലവഴിക്കപ്പെടാതെ 316120/- രൂപ അവശേഷിക്കുന്നു. ആയത് ചെലവഴിക്കുവാനാകുന്നില്ലെങ്കിൽ തിരികെ ഒടുക്കുവരുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ നാളിതുവരെ ചെലവഴിക്കാതെ അവശേഷിക്കുന്ന 100000/- ചെലവഴിക്കാനാകുന്നില്ലെങ്കിൽ തിരികെ ഒടുക്ക് വരുത്തേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷം നിക്ഷേപ പ്രവൃത്തികൾക്കായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 18 പ്രകാരം മുൻ വർഷങ്ങളിൽ നിക്ഷേപ പ്രവൃത്തിക്കായി നിർമ്മിതികേന്ദ്രത്തിന് നൽകിയ 800000 രൂപയുടെയും കെ.എസ്.ഇ.ബി ക്ക് നൽകിയ 3640182/-രൂപയുടേയും വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

തൻവർഷം ഈയിനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 660000/-വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻ വർഷം വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.എം.എസ് 2278/തസ്വഭവ 18.8.2018 | 660000 | 34489411 | 2545411 | 00 | 32604000 |

തിരിച്ചടവായി കാണിച്ചിട്ടുള്ള തുക ഉറവിടത്തിൽ കുറവ് ചെയ്തിട്ടുള്ളതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2190/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി | ഹെഡ് ഓഫ് അക്കൗണ്ട് |
|---|---|---|---|---|---|
| 2018-19 | 1-30-1 | 1640 | അജീഷ് | 120030100596/ 28.9.20 | 180400101 |
| 2018-19 | 1-18 | 550 | സ്വപ്ന, കൃഷി ഓഫീസർ | 120030100634/ 1.10.20 | 180400101 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 60370303 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 57629012 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 51809 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 953138 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 15780 | സിന്ധു.എം |

| | | |
|---|---|---|
| | | കൃഷി ഓഫീസർ |
| 3-2 | 9600 | സിന്ധു.എം<br>കൃഷി ഓഫീസർ |
| 3-3 | 26429 | അപർണ്ണ.കെ.എസ്<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | 51809 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 136600 | വി.ബാബു<br>സെക്രട്ടറി |
| 1-31 | 90812 | അഞ്ജലിദേവി<br>ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| 1-32(1) | 196864 | ഡോ.ആഷ.എം<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-32(2) | 31387 | |
| 1-33 | 312500 | ഡോ.റാണി ഭരതൻ<br>വെറ്ററിനറി സർജ്ജൻ |
| 1-35(1) | 131358 | ഡോ.റെജീന.ടി<br>മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |
| 1-35(2) | 53617 | |
| ആകെ | 953138 | |

<u>സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഖണ്ഡിക 1-25(2), 2400/- രൂപ

<u>ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

<u>ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| സിന്ധു.എം<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>കടക്കരപ്പള്ളി | കൗസ്തുഭം<br>സി.എം.സി 12<br>മൂന്നാംകരറോഡ്<br>ചേർത്തല |
| അപർണ്ണ.കെ.എസ്<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | അത്തിക്കാട്ഹൗസ്<br>പന്നാട് പി.ഓ<br>മണ്ണഞ്ചേരി |
| വി.ബാബു<br>സെക്രട്ടറി | വിരമിച്ച | ദേവീകൃഷ്ണ<br>പട്ടണക്കാട് പി.ഓ<br>ചേർത്തല |
| അഞ്ജലിദേവി<br>ഫിഷറീസ് സബ് ഇൻസ്പെക്ടർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | മംഗലാമറ്റം<br>സി.എം.സി 35<br>ചേർത്തല |
| ഡോ.ആഷ.എം<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ | മൗണ്ട് ഒലീവ്<br>മംഗലം<br>തുമ്പോളി |
| ഡോ.റാണി ഭരതൻ<br>വെറ്ററിനറി സർജ്ജൻ | വെറ്ററിനറി സർജ്ജൻ | പുഷ്പസരസ്<br>കടക്കരപ്പള്ളി പി.ഓ<br>ചേർത്തല |
| ഡോ.റെജീന.ടി<br>മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | മെഡിക്കൽ ഓഫീസര് | വേലിക്കെട്ടിൽ<br>കടക്കരപ്പള്ളി പി.ഓ<br>ചേർത്തല |

## 4-10 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ആകെ ഖണ്ഡിക | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|---|
| 1996-97 | 1 | LFA-GA5/1832/11/ 16.1.12 |
| 1997-98 | 1 | LFA-GA5/1832/11/ 16.1.12 |
| 2001-02 | 2 | LFA-GA5/1832/11/ 16.1.12 |
| 2006-07 &07-08 | 17 | LFA8 /40,41/2010/16.7.2010 |
| 2008-09 | 4 | LFA-P2/1207/11/ 10.1.12, 11.4.12 |
| 2009-10 | 5 | LFA-P2/1208/11/ 10.1.12, 11.4.12 |
| 2010-11 | 8 | LFA-P2/550/11/ 17.12.12, 31.1.12 |
| 2011-12 | 14 | LFA-P2/1400/12/ 14.12.12, 8.1.13 |
| 2012-13 | 3 | LFA-P11/1841/14/ 20.1.15, 3.3.15 |
| 2013-14 | 8 | LFA-P11/680/15/ 15.7.15 |
| 2014-15 | 9 | KSA-ALP/P11-837/16/ 30.7.16 |
| 2015-16 | 13 | KSA-ALP/P11-1175/16/ 1.11.16 |
| 2016-17 | 13 | KSA-ALP/P11-1034/17/ 5.8.17 |
| 2017-18 | 7 | KSA-ALP/P11-1295/18/5.9.18 |
| 2018-19 | 21 | KSA-ALP/P11-122/ 29.5.20 |
| 2019-20 | 44 | KSA-ALP/P11-385/21/ 12.4.21 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്